കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മതിലകം ഗ്രാമപഞ്ചായത്ത്

2018-19

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്യ കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി3)371/2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ – 6800020

ഫോൺ : 0487-2331249

ഇ-മെയിൽ : dotst.ksad@kerala.gov.in

തീയതി:02.06.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)
മതിലകം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മതിലകം ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മതിലകം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി3)371/2020 തിയ്യതി :02.06.2020

## തൃശ്ശൂർ ജില്ലയിലെ മതിലകം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മതിലകം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01/04/18 മുതൽ 31/03/19 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2018-19 സാമ്പത്തിക വർഷം വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി മേരി ഹണി ജോസഫ് , ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09-03-2020 മുതൽ 18.3.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശിവൻ പി എ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ബിത ടി എസ് | ഓഡിറ്റ് ഓഫീസർ |
| | സിനിലാൽ എം ജി | അസി.ഓഡിറ്റ് ഓഫീസർ |
| | നിജ്ജു സി എസ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| പേര് | ഉദ്യോഗപേര് | കാലയളവ് |
|---|---|---|
| ശ്രീ.ഇ.ജി.സുരേന്ദ്രൻ | പ്രസിഡന്റ് | 1.04.2018 മുതൽ 31.03.2019 വരെ |
| ശ്രീ.ഷാബു.പി.വി | സെക്രട്ടറി | 1.04.2018 മുതൽ 31.03.2019 വരെ |

സി)നിർവ്വഹണഉദ്യോഗസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| | | |

| | | |
|---|---|---|
| സെക്രട്ടറി | ഷാബു.പി.വി | 01/04/2018-<br>15/03/2019 |
| സെക്രട്ടറി ഇൻ ചാർജ്ജ് | ഷാജു.പി.ഇ | 15/03/2019- 31/03/2019 |
| കൃഷി ഓഫീസർ | ഫാജിത റഹ്മാൻ | 01/04/2018- 19/11/2018 |
| | ഫാൻസി പരമേശ്വരൻ | 20/11/2018- 28/11/2018 |
| | ബൈജു ബേബി | 29/11/2018-<br>31/03/2019 |
| അസിസ്റ്റൻറ് എഞ്ചിനീയർ | നിഷി.പി.ദേവദാസ് | 01/04/2018- 22/01/2019FN |
| | സോന.ഒ.ടി | 22/01/2019 A N- 31/03/2019 |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | ഡോ. ഷാജി | 01/04/2018- 31/03/2019 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ.സുമ്മയ്യ | 01/04/2018- 31/03/2019 |
| വെറ്ററിനറി സർജൻ | സതീഷ് കുമാർ | 01/04/2018- 31/03/2019 |
| ഹെഡ് മാസ്റ്റർ, ജി.യു.പി.എസ്. | നിമ്മി ജോസ് | 0104/2018- 31/03/2019 |
| വി.ഇ.ഒ. | ലാലി.കെ.എസ്(മതിലകം) | 01/04/2018-<br>31/03/2019 |
| | മല്ലിക.കെ.എം(കൂളിമുട്ടം) | 01/04/2018- 20/02/2019 |
| | ലാലി.കെ.എസ്(കൂളിമുട്ടം) | 21/2/2019- 31/03/2019 |
| അസിസ്റ്റൻറ് സെക്രട്ടറി | ഷാജു.പി.ഇ | 01/04/2018- 31/03/2019 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഹേമ.കെ | 01/04/2018- 31/03/2019 |
| ഫിഷറീസ് ഇൻസ്പെക്ടർ | അൻസിൽ.പി.എം | 01/04/2018- 31/03/2019 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | പ്രശാന്ത്.ഇ.എം | 01/04/2018- 31/03/2019 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം-1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ഫണ്ട് വിനിയോഗം | 1-2 |
| 3 | പദ്ധതി അവലോകനം | 1-3 |
| 4 | തൊഴിലുറപ്പ് പദ്ധതി | 1-4 |
| 5 | ക്ഷേമ പെൻഷനുകൾ | 1-5 |
| 6 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 7 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-7 |
| 8 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-8 |
| 9 | e-tender ഫോം ഫീ AEയുടെ കറന്റ് അക്കൗണ്ടിലേക്ക് വരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-9 |
| 10 | സഞ്ചയയിൽ വ്യവസായ ഗണത്തിലുള്ള സ്ഥാപനങ്ങൾ ലൈസിൻസില്ലാതെ പ്രവർത്തിക്കുന്നു | 1-10 |
| 11 | തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ | 1-11 |
| 12 | അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച് | 1-12 |
| 13 | സ്ഥാപനങ്ങൾക്ക് വ്യവസായ ഗണത്തിൽ വസ്തു നികുതി നിർണ്ണയിക്കാതെ വാണിജ്യാടിസ്ഥാനത്തിൽ നിർണ്ണയിച്ച നികുതി ഈടാക്കുന്നു | 1-13 |
| 14 | വേക്കൻസി റമിഷൻ -ബിൽഡിംഗുകളെ സംബന്ധിച്ച പരിശോധനയിൽ കണ്ട അപാകതകൾ | 1-14 |
| 15 | വിമുക്ത ഭടൻമാർക്ക് കെട്ടിടനികുതിയിളവ് നൽകിയത് സംബന്ധിച്ച് | 1-15 |
| 16 | വാഹനപരിപാലനം-ലോഗ്ബുക്കിൽ വിവരങ്ങൾ പൂർണമല്ല | 1-16 |
| 17 | വെള്ളക്കരം -ഔദ്യോഗികബിൽ ഹാജരാക്കേണ്ടതാണ് | 1-17 |

| | | |
|---|---|---|
| 18 | മരാമത്ത് പ്രവൃത്തികളുടെ നിർവഹണം | 1-18 |
| 19 | ബസ് സ്റ്റാന്റ് നവീകരണം,വാട്ടർ ടാങ്ക് ഈസ്റ്റ് സൗത്ത് റോഡ് ഇന്റർലോക്കിങ് കട്ട വിരിക്കൽ ക്വാളിറ്റി ടെസ്റ്റ് നടത്തിയിട്ടില്ല | 1-19 |
| 20 | 81 നം.അംഗണവാടി അപര്യാപ്തത പരിഹരിക്കേണ്ടതാണ് | 1-20 |
| 21 | ക്വാറിമക്ക് വില പൊതുമരാമത്ത് എൻ.ആർ.ഇ.ജി.എസ്.നിരക്കുകൾ തമ്മിൽ ഗണ്യമായ അന്തരം | 1-21 |
| 22 | സിമന്റ് വാങ്ങിയതിന്റെ ബിൽ പ്രവൃത്തികഴിഞ്ഞശേഷമുള്ളത് | 1-22 |
| 23 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികൾ- രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച്. | 1-23 |
| 24 | ഹെഡ് മിസ്ട്രസ് നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 1-24 |
| 25 | കെ.എം.എസ്.സി.എൽ. ൽ നിന്നും മരുന്നുകൾ ലഭിക്കുന്നതിൽ കാലതാമസം- തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്- ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. | 1-25 |
| 26 | ലൈഫ് പദ്ധതി-പ്രവൃത്തി പുരോഗതി അഭിനന്ദനാർഹം. തുടർ നടപടി സ്വീകരിക്കണം. | 1-26 |
| 27 | ലൈഫ് പദ്ധതിക്ക് അഡ്വാൻസ് നൽകിയിട്ടും നാളിതു വരെ പ്രവൃത്തി ആരംഭിക്കാത്തവരിൽ നിന്നും തുക തിരികെ ഈടാക്കണം. | 1-27 |
| 28 | മാലിന്യ സംസ്കരണം-ഹരിത കർമ്മസേനയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തണം. | 1-28 |
| 29 | തെങ്ങുകൃഷി പ്രൊജക്ടുകൾ -അവലോകനം | 1-29 |
| 30 | ഡാറ്റാ എൻട്രിക്ക് 10,950 രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചു. | 1-30 |
| 31 | പോത്തുകുട്ടി വളർത്തൽ -പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 1-31 |
| 32 | സെക്രട്ടറി നടപ്പിലാക്കിയ പ്രൊജക്ടുകൾ -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്;ഡെപ്പോസിറ്റ് പ്രവൃത്തികളിൽ മാർഗ്ഗരേഖാനിർദ്ദേശം പാലിക്കേണ്ടതാണ്. | 1-32 |
| | ഭാഗം-2 | |
| | ഇല്ല | |
| | ഭാഗം-3 | |
| | ഇല്ല | |
| | ഭാഗം-4 | |
| 33 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 33 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 34 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 36 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 37 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 38 | ഓഡിറ്റ് റിക്കവറി | 4-7 |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |

| | | |
|---|---|---|
| 40 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 43 | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 44 | അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം | |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

| | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| പാസ്സാക്കിയ തിയതി | 6.3.2018 | 16.2.2019 |
| കമ്മിറ്റി തീരുമാനം | 2(1) | 1(1) |
| പ്രതീക്ഷിത വരവ് | 26,20,17,440. | 24,83,49,649 |
| പ്രതീക്ഷിത ചെലവ് | 261660240 | 265190480 |

സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 10247472.74 |
| വരവ് | 9,69,07,151 |
| ആകെ | 10,71,54,623.74 |
| ചെലവ് | 8,68,79,006 |
| നീക്കിയിരിപ്പ് | 20275617.74 |

## 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 15763000 | 15763000 | 14050102 | 1712898 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 7482000 | 7482000 | 7482000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 6358000 | 6358000 | 6358000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3274000 | 3274000 | 2983487 | 290513 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 9235393 | 9235393 | 7316000 | 1919393 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 25015958 | 25015958 | 25015958 | 0 |
| | അഡ്മിനിസ്റ്റേറ്റീവ് ചെലവ് | 197 | 676253 | 676450 | 675749 | 701 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ICDS | | 1563062 | 877275 | 2440337 | 1999528 | 440809 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| Keralolsavam | | 15000 | 0 | 0 | 0 | 15000 |
| Vimukthi | | 12500 | 25000 | 37500 | 7342 | 30158 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 286483 | 6664515 | 6950998 | 4533615 | 2417383 |
| | ജില്ലാ പഞ്ചായത്ത് | 407735 | 4019094 | 4426829 | 3178741 | 1248088 |
| ബി ഫണ്ട് | | | | | | |
| തൊഴിൽ രഹിത വേതനം | | 0 | 0 | 0 | 0 | 0 |
| വാർദ്ധക്യകാല പെൻഷൻ | | 0 | 19171900 | 19171900 | 19171900 | 0 |
| കർഷക തൊഴിലാളി പെൻഷൻ | | 0 | 3497000 | 3497000 | 3497000 | 0 |
| അവിവാഹിത പെൻഷൻ | | 0 | 794800 | 794800 | 794800 | 0 |

| | | | | | | |
|---|---|---|---|---|---|---|
| വിധവ പെൻഷൻ | | 0 | 16721900 | 16721900 | 16721900 | 0 |
| വികലാംഗ പെൻഷൻ | | 0 | 3724800 | 3724800 | 3724800 | 0 |
| മാര്യേജ് അസിസ്റ്റൻസ് | | 0 | 90000 | 90000 | 90000 | 0 |
| പാഡി പ്രൊഡക്ഷൻ ബോണസ് | | 0 | 0 | 0 | 0 | 0 |
| തനത് ഫണ്ട് | കോ-ഓപ്പറേറ്റീവ് ബാങ്ക് | 9115022 | 12245774 | 21360796 | 9161418 | 12199378 |
| | ട്രഷറി അക്കൗണ്ട് | | | | | |
| | ട്രഷറി STSB | 1109838 | 12554345 | 13664183 | 10961582 | 2702601 |
| | J V STSB | 402876 | 10683609 | 11086485 | 7493014 | 3593471 |
| മറ്റിനം | | | | | | |
| e-payment | | 132787 | 12566491 | 12699278 | 10853933 | 1845345 |

## 1-3 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 176 | 117268162 | 116 | 66996042 | 55 | 5 | 65.9 |

## 1-4 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 197 | 676253 | 676450 | 675749 | 701 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 25015958 | 25015958 | 25015958 | 0 |

## 1-5 ക്ഷേമപെൻഷനുകൾ സംബന്ധിച്ച്

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 3497000 | 891 |
| വിധവാ പെൻഷൻ | 16721900 | 3968 |
| വാർദ്ധക്യകാല പെൻഷൻ | 19171900 | 4371 |
| വികലാംഗപെൻഷൻ | 3724800 | 875 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 794800 | 192 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 90000 | 3 |

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 06/01/2020 | ഒക്ടോബർ,നവംബർ 2019 | 03/02/2020 |
| അക്കൗണ്ടന്റ് ജനറൽ | 26/11/2016- 07/12/2016 | 2011-12 മുതൽ 2015-16 വരെ | 06/01/2017 |

## 1-7 ആഭ്യന്തര നിയന്ത്രണം

സാമ്പത്തികവർഷം ലൈഫ് പദ്ധതിയിൽ ശ്രദ്ധേയമായ നേട്ടം കൈവരിക്കാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.സംസ്ഥാനത്തെ മികച്ച അംഗൻവാടി ഹെൽപ്പർക്കുള്ള അവാർഡ് 77 -ാം നമ്പർ ശിശുഭവൻ അംഗൻവാടിയിലെ ശ്രീമതി ഷേർളി തോമസ്സിന് ലഭിച്ചതും ശ്ലാഘനീയമാണ്.

വസ്തുനികുതി ഇനത്തിലുള്ള കുടിശ്ശിക , കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കൽ,അനധികൃത കെട്ടിടങ്ങളുടെ ക്രമവത്ക്കരണം , വസ്തുനികുതി ചുമത്തുന്നതിൽ ശരിയായ ഗണത്തിൽ പെടുത്തൽ എന്നീ കാര്യങ്ങളിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുന്നതിനു നടപടികൾ സ്വീകരിക്കേണ്ടതാണ്. യഥാർത്ഥ വരവ് ചെലവിനേക്കാൾ ഏകദേശം 3 ഇരട്ടി വർദ്ധനവാണ് വരവ്-ചെലവായി കണക്കാക്കിയിരിക്കുന്നത്.

വാർഡ് തിരിച്ചുള്ള പുതിയ കെട്ടിടങ്ങളുടെ വിവരവും(New Building Tax Assessment Register) 2014-15 മുതൽ സൂക്ഷിക്കുന്നില്ല

ഇ-ടെണ്ടർ പദ്ധതികളുടെ ടെണ്ടർ ഫോറം വില എൽ എസ് ജി ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല.ടി തുക ലഭ്യമാക്കി ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് വരവുവെക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്ററിൽ മൂല്യം ചേർക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ചേർത്ത ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിയുന്നില്ല.

വാർഷിക പദ്ധതി നിർദേശങ്ങൾ നൽകുക എന്നതിലുപരിയായി പ്രോജക്ടുകളുടെ ജയപരാജയങ്ങൾ വിലയിരുത്തുന്നതിൽ സ്ഥിരം സമിതികളുടെ ഇടപെടൽ പരിമിതമാണ് എന്ന് മിനുട്സിൽ നിന്ന് വ്യക്തമാവുന്നു. പ്രോജക്ടുകളുടെ പൊതുവായ വിലയിരുത്തൽ / പദ്ധതി അവലോകനം നടത്തുന്നതായി മിനുട്സിൽ രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ പ്രത്യേകമായി ഒരു പ്രോജക്ടിനെ കുറിച്ചും വിലയിരുത്തൽ നടത്തി തീരുമാനം രേഖപ്പെടുത്തുന്നതിൽ സ്ഥിരം സമിതികൾ ശ്രദ്ധചെലുത്തിയിട്ടില്ല എന്ന് കാണുന്നു. പദ്ധതി രൂപീകരണ ഘട്ടം കഴിഞ്ഞ് നിർവ്വഹണം ആരംഭിക്കുമ്പോൾ വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികൾ തുടർച്ചയായി മോണിറ്ററിംഗിന് വിധേയമാക്കണം. എന്നാൽ ഈ നിബന്ധന പാലിച്ചിട്ടില്ല.

## 1-8 വാർഷിക കണക്കുകളിലെ അപാകതകൾ

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ് ))

2.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ

പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

<u>2.1തൻവർഷം</u>

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2776263 | 2703999 | 86629 | ഓരോ വാർഡിലും മുൻകൂർ അടക്കം കളക്ഷൻ ക്രമീകരിക്കുമ്പോൾ ആകെ ബാലൻസ് കിട്ടേണ്ടത് പൂജ്യവും 14365 അധിക കളക്ഷനും ആണ്.എന്നാൽ സഞ്ചയയിൽ ബാക്കി 1542 ബാലൻസും തൻവർഷ advance കളക്ഷൻ 12746 രൂപഅടുത്തവർഷത്തേക്ക് adjust ചെയ്യാനുള്ളതായും കാണിച്ചിരിക്കുന്നു. കൂടാതെ മുൻവർഷങ്ങളിലേതടക്കം 599208രൂപ advance കളക്ഷൻ adjust ചെയ്യാനുള്ളതായും കാണിച്ചിട്ടുണ്ട്. |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2776263 | 2704463 (*sanchaya യുമായി 464 രൂപ കളക്ഷൻ വർദ്ധനവ് വ്യത്യാസം.) | 622988 | *1542 രൂപ ബാലൻസ്.യഥാർത്ഥത്തിൽ ഡിമാന്റിനേക്കാൾ 551188 രൂപ മുൻകൂർ അടക്കമുള്ള അധിക കളക്ഷൻ ഉണ്ട്. RP 36 പ്രകാരം 12046 ,280 എന്നീ തുകകൾ advance collection വരവും ഉണ്ട്. എന്നാൽ b9 പ്രകാരം adv. collection 599208 രൂപ(സഞ്ചയയുമായി പൊരുത്തപ്പെടുത്തി) ആയാണ് കാണിച്ചിരിക്കുന്നത് |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് &പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | *( 1624 /105X100)=1543.8<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുത്തിരിക്കുന്നു |

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2211055 | 1809414 | 32456 | ബാക്കി 372488 രൂപ കിട്ടാനുള്ള ബാലൻസ് ആയി കാണിച്ചിരിക്കുന്നു 3210 രൂപ അടുത്തവർഷത്തേക്ക് collection adjust ചെയ്യാനുള്ളതായുംകാണിച്ചിട്ടുണ്ട് .ഗണിത ക്രിയ പ്രകാരം വരേണ്ടത് 369185 ബാലൻസ് ( വാർഡ് തിരിച്ച് കണക്കാക്കുമ്പോൾ 371967 ബാലൻസും 2782 അധിക കളക്ഷനും).521 രൂപ ബാലൻസിലും 428 രൂപ കളക്ഷനിലും കൂടുതലായി വ്യത്യാസം കാണിക്കുന്നു.~ മുൻവർഷങ്ങളിലേതടക്കം 48386 രൂപ collectionബാലൻസ് adjust ചെയ്യാനുള്ളതായും കാണിച്ചിട്ടുണ്ട് |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2211055 | 1799098 (*sanchaya യുമായി 10316 രൂപ കളക്ഷൻ കുറവ്.) | 123441 | *288516 ആകെ ബാലൻസ് വരുന്നതിനു പകരം 372490 കാണിക്കുകയും b-9 പ്രകാരം 75951 രൂപ adv. collection (സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല) ആയാണ് കാണിച്ചിരിക്കുന്നത്<br>RP 36 ൽ adv collection 225 രൂപ. |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് &പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | *( 391114 /105X100)=372490<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

<u>2.2കുടിശ്ശിക</u>

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 42869 | 31796 | 11631 രൂപ ബാലൻസ് കാണിച്ചിരിക്കുന്നു.വരേണ്ടിയിരുന്നതുക 11073 .വ്യത്യാസം 558 രൂപ. |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 9300 | 29504 | 20204 അധിക കളക്ഷൻ.എന്നാൽ 11661 രൂപ കിട്ടാനുള്ള ബാലൻസ് ആയി കാണിച്ചിരിക്കുന്നു.വ്യത്യാസമായ 31865 രൂപ അരിയർ ഡിമാന്റ് വർദ്ധനവ് വരുത്തിയിരിക്കുന്നു |
| | ( | (റസീറ്റ് &പേയ്മെന്റ് പത്രിക | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)(12244/105X100)=11661 |

| | | | |
|---|---|---|---|
| | 567+9198=9765/105*100 (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | ,ഷെഡ്യൂൾ ആർ.പി-43) | |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1491188 | 23601 | 1467587 ബാലൻസ് വരുന്നതിന് പകരം 1467603 അരിയർ ബാലൻസ് കാണിച്ചിട്ടുള്ളത് .വ്യത്യാസം 16 രൂപ |
| എ.എഫ്.എസ് | 1342983 | 25426 | * 1317557 ബാലൻസ് വരുന്നതിന് പകരം 1468188 അരിയർ ബാലൻസ് കിട്ടാനുള്ളതായി കാണിച്ചിരിക്കുന്നു.വ്യത്യാസമായ 150631 രൂപ അരിയർ ഡിമാന്റ് വർദ്ധനവ് വരുത്തിയിരിക്കുന്നു |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (203756+1206376=1410132/105*100) | (റസീറ്റ് &പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | * ( 1541597 /105X100)=1468188 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.3ലൈബ്രറി സെസ്സ് (തൻവർഷം +കടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| തൻവർഷം | കടിശ്ശിക | ആകെ | തൻവർഷം | കടിശ്ശിക | ആകെ | തൻവർഷം | കടിശ്ശിക | ആകെ | | | | |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 140970 | 2296 | 143266 | 136393 | 1614 | 138007 | 5009 | | ബാലൻസ് 79.അധിക കളക്ഷൻ 502(.യഥാർത്ഥ ബാലൻസ് വരേണ്ടത് 12 രൂപയും അധിക കളക്ഷനായി വരേണ്ടത് 488 രൂപയും) | 613. വരേണ്ടത് 682.വ്യത്യാസം 69 കുറവ് | ബാലൻസ് ഗണിത പ്രകാരം വരേണ്ടത് 692 വന്നിരിക്കുന്നത്486..വ്യത്യാസം 206.യഥാർത്ഥത്തിൽവരേണ്ട ബാലൻസ് 694.അധിക കളക്ഷൻ 488 രൂപയും |
| നോൺ-റെസിഡൻഷ്യൽ | 111319 | 75190 | 186509 | 90914 | 1180 | 92094 | 1765 | | ബാലൻസ് 18626.അധിക കളക്ഷൻ 38(യഥാർത്ഥ ബാലൻസ് വരേണ്ടത് 18699 രൂപയും അധിക കളക്ഷനായി വരേണ്ടത് 59 രൂപയും) | 73994.വരേണ്ടത് 74010.വ്യത്യാസം 16. | ബാലൻസ് 92620.അധിക കളക്ഷൻ 38 (യഥാർത്ഥ ബാലൻസ് വരേണ്ടത് 92709 രൂപയും അധിക കളക്ഷനായി വരേണ്ടത് 59 രൂപയും) | |
| ആകെ | | | 329775 | | | 230101 | 6774 | | 93106 ബാലൻസ് പിരിഞ്ഞു കിട്ടാനുള്ളതായും 581 Adv.collection കാണിച്ചിരിക്കുന്നു. (യഥാർത്ഥ ബാലൻസ് വരേണ്ടത് 93403രൂപയും അധിക കളക്ഷനായി വരേണ്ടത് 547 രൂപയും) | | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 317493 (സഞ്ചയയുമായി 12282 ഡിമാന്റിൽ കുറവ്) | | | 230523 | | | | | | 86970 വരുന്നതിനു പകരം 93825 ആണ് B-15 പ്രകാരംവന്നിട്ടുള്ളത്(ഗണിത പ്രകാരം വരേണ്ടത് 1946576/105*5)=92694) | | |
| 68127+. 4987318*5/100=249366(current LC ) = (2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State govt . Cess/levies...... ലെഡ്ജർ 2017-18+current Year LC from I-1 2018-19) | | (റസീറ്റ് &പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-36(വരവ്)) | | (431910101 -State govt . Cess/levies...... ലെഡ്ജർ 2018-19) | | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | | | | | |

2.4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.(ഉദാ:.2.1.1,2.1.2,2.2.1,2.2.2, 2.3 എന്നി ഖണ്ഡികകളിലെ പട്ടികകൾ).

2.5 1/4/2018 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.2018-19 വർഷത്തിൽ മതിലകം ഗ്രാമപഞ്ചായത്തിൽ പുതിയ കെട്ടിടങ്ങൾക്ക് കെട്ടിടനികുതി ചുമത്തിയിട്ടുണ്ട്.എന്നാൽ 2018-19 ലെ “110100101-Property tax on residential buiding”എന്ന ശീർഷകത്തിലേയും “110100103-Property tax on non residentialbuiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് 1 തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.(1.4.18)ഈ ഡിമാന്റ് എൻട്രികൾക്കും സാധൂത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ ,എഴുതി തള്ളൽ ഇടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ,ഡിമാന്റ് എൻട്രികൾക്ക് സാധൂത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.6 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 230523 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 236875(230101+6774(adv.adj) രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State govt cesses/levies in Property tax control account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്.എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല

2.7 2017-18 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 “Other liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2018 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2018-19 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. “Prior period items” എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും ഇടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്.ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൌച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച

തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/18 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2018-19ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance collection of revenues -Property tax on Residential building | 622988 | 86629 |
| 2 | 350410104-Advance collection of revenues -Property tax on Non-Residential building | 123441 | 32456 |

2.8.തൻവർഷത്തെയും മുൻവർഷത്തേയും വസ്തു നികതി അഡ്വാൻസ് ലെഡ്ജർ അക്കൌണ്ട് പരിശോധിച്ചു.അതിൽ താഴെ പറയും പ്രകാരം രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior period items" എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ചതായും കറവ് ചെയ്തതായും കാണുന്നു.ഇപ്രകാരം ജേണൽ വൌച്ചർ മുഖേന വർദ്ധനവ്/കറവ് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൌച്ചറുകളും,വർക് ഷീറ്റുകളും,നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല.ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ്/കറവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.ഇപ്രകാരം വർദ്ധനവ്/കറവ് വരുത്തിയ വൌച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2.8.1 റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൌച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800378 | 1.4.2018 | 33569(അരിയർ ഡിമാന്റ് പ്രയർ പിരീഡ് വഴി വർദ്ധനവ് നടത്തി) |
| 2 | 41800431 | 31.3.19 | 36446(അഡ്വാൻസ് പ്രയർ പിരീഡ് വഴി കറവ് നടത്തി) |
| | ആകെ | | 2877(കറവ്) |

2.8.2 നോൺ-റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൌച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800379 | 01.4.2018 | 148205(അരിയർ ഡിമാന്റ് പ്രയർ പിരീഡ് വഴി വർദ്ധനവ് നടത്തി) |
| | 41800383 | 31.3.19 | 32456(അഡ്വാൻസിൽ നിന്നു പ്രയർ പിരീഡ് വഴി കറന്റിലേക്ക് adjust ചെയ്തു |
| 2 | 41800434 | 31.3.19 | 10087( പ്രയർ പിരീഡ് വഴി അഡ്വാൻസ് വർദ്ധിപ്പിച്ച് advance ൽനിന്ന് കറവ് ചെയ്തു adjust ചെയ്തു) |
| | 41800392 | 31.3.19 | *17114(അഡ്വാൻസ് പ്രയർ പിരീഡ് വഴി കറന്റിൽ കറവ് ചെയ്തു-സഞ്ചയ adjustment) |
| | 41800384 | 31.3.19 | 10101തൻവർഷ അഡ്വാൻസ് അടുത്ത വർഷത്തേക്ക് വർദ്ധനവ് വരുത്തി |
| | 41800393 | 31.3.19 | 1841( അരിയർ വർദ്ധനവ് വരുത്തി- സഞ്ചയ adjustment) |
| | ആകെ | | 158292 വർദ്ധനവ് |

3.2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ നടപ്പിലാക്കിയിട്ടുണ്ട്.(വസ്തുനികതിയുടെ വിവരങ്ങൾ ഖണ്ഡിക2.5.ൽ ചേർത്തിട്ടുണ്ട് )

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

4.ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം "280000000-Prior Period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും ,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) | 31/3/201 9ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | 2877 |
| 280100104-Prior period income-Property tax on non residential buildings | (158292) |

5.കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികതി യിനത്തിലുള്ള പിരിവ്,ബാക്കി,മുൻകൂർ,കടിശ്ശിക ഡിമാന്റ്,കടിശ്ശിക പിരിവ്,കടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും,ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും,മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല.എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

6.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

7.വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,00,28,145 രൂപയാണ്.എന്നാൽ ഇതെ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,66,44,153രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

# 1-9 e-tender ഫോം ഫീ AEയുടെ കറന്റ് അക്കൗണ്ടിലേക്ക് വരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

e-Tendering System Government of Kerala യുടെ മതിലകം ഗ്രാമപഞ്ചായത്തിന്റെ e-Tender നടത്തിയ വിവരങ്ങളടങ്ങിയ ഓർഗനൈസേഷൻ വൈസ് കളക്ഷൻ റിപ്പോർട്ട് ഓഡിറ്റിനു ലഭ്യമാക്കിയില്ല.പകരം AE നൽകിയ കളക്ഷൻ റിപ്പോർട്ട് പ്രകാരം 2016-17 ൽ 12100/- രൂപയും17-18 ൽ 3700/- രൂപയും 2018-19 ൽ 17400/- രൂപയും പഞ്ചായത്തിനു e-Tender ഫോം ഫീസിനത്തിൽ ലഭിക്കുവാനുണ്ട്. നിലവിൽ ഈ തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലെ മതിലകം പഞ്ചായത്ത് കറന്റ് അക്കൗണ്ടിലേക്ക് ആണ് വരവ് വെക്കേണ്ടത്.എന്നാൽ 33200 രൂപക അക്കൗണ്ടിലേക്ക് വന്നിട്ടില്ലെന്നാണ് അസിസ്റ്റന്റ്

എഞ്ചിനീയർ അറിയിച്ചിട്ടുള്ളത്. e-Tender സ്വീകരിക്കുന്ന സമയം NIC വെബ്സൈറ്റിൽ കരാറുകാർക്ക് Buffer/Temporary അക്കൗണ്ടുകളാണ് നൽകുന്നത്. തുക സെറ്റിൽ ചെയ്യുന്ന സമയത്ത് Buffer അക്കൗണ്ടിൽ നിന്ന് പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മാപ്പ് ചെയ്ത അക്കൗണ്ടിലേക്കാണ് ട്രാൻസ്ഫർ ചെയ്യുന്നത്. മുൻ വർഷങ്ങളിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മാപ്പ് ചെയ്ത അക്കൗണ്ടിലേക്കാണ് ട്രാൻസ്ഫർ ചെയ്തിരുന്നത്. മതിലകം അസി.എഞ്ചിനീയറുടെ പ്രസ്തുത അക്കൗണ്ട് മാപ്പ് ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും ഇ-ടെണ്ടർ തുക ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടി എത്രയും വേഗം സ്വീകരിക്കേണ്ടതുമാണ്. കൂടാതെ ഇ-ടെണ്ടർ ഫോം ഫീ റീഫണ്ടായി പോകുന്നുണ്ടെങ്കിൽ ആയ വിവരവും ഏതെല്ലാം ടെണ്ടറുകളാണ് നിരസിച്ചതെന്ന വിവരവും സംബന്ധിച്ച് അസി.എഞ്ചിനീയർ രേഖകൾ സൂക്ഷിക്കുന്നില്ല. നിലവിൽ ഇ-ടെണ്ടർ വരവ് സംബന്ധിച്ച രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതും തുടർന്ന് ഇത്തരത്തിലുള്ള വീഴ്ചകൾ വരുത്താതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-10 സഞ്ചയയിൽ വ്യവസായ ഗണത്തിലുള്ള സ്ഥാപനങ്ങൾ ലൈസിൻസില്ലാതെ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസെടുക്കാതെ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുള്ള വ്യവസായ ഗണത്തിലുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.2018-19-വ്യവസായം,വാണിജ്യം,സംരംഭകത്വം,മറ്റ സേവനങ്ങൾക്കുള്ള ലൈസൻസ് രജിസ്റ്റർ,സഞ്ചയയിൽ നിന്നുള്ള വ്യവസായ സ്ഥാപനങ്ങളുടെ ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ സഞ്ചയയിൽ നിന്നുള്ള വ്യവസായ സ്ഥാപനങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ട താഴെ പറയുന്ന 48 കെട്ടിടങ്ങൾക്ക് ലൈസൻസെടുത്തിട്ടില്ല

വ്യവസായം-കൈത്തറി ഷെഡ് മുതലായവ

കെട്ടിടനം

1/71,1/494,4/273,4/327,4/627,6/114,6/157,7/64,7/199,7/201,7/203,7/204,7/205,7/206,7/212,7/214,8/28A,8/330,8//331,8/534,9/288,9/289,10/20,10/413,10/453B,10/503,11/48,11/301,11/312A,11/441A,11/442A,11/448,11/449,11/495,11/514,11/516,12/518,13/341,14/107,14/108,14/162A,14/237A,14/297

ഇതര വ്യവസായം

കെട്ടിട നം 4/41A,6/572B,7/653,9/579,14/386

ഫീൽഡ് ക്ളർക്ക് സ്ഥല പരിശോധന നടത്തുകയും ലൈസൻസിനു നോട്ടീസ് നൽകുകയും ചെയ്യേണ്ടതാണ്.ലൈൻസെടുത്ത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

കെട്ടിടങ്ങൾ പൊളിച്ചുമാറ്റിയതായോ ഗണം മാറി പ്രവർത്തിക്കുകയോ ഉണ്ടെങ്കിൽ വേണ്ട നടപടി സ്വീകരിച്ച ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.ഇത സംബന്ധിച്ച ഓഡിറ്റ് അന്വേഷണം(18/18.3.20) ന മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് പ്രകാരവും, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരവും പഞ്ചായത്ത് പ്രദേശത്ത് അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനങ്ങൾ, തൊഴിലിൽ ഏർപ്പെടുന്ന വ്യക്തികൾ എന്നിവരിൽ നിന്നും നിർണ്ണയിക്കപ്പെട്ട നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.അടവാക്കാത്തവരുടെ കുടിശ്ശിക രജിസ്റ്ററിൽ ചേർത്തിട്ടില്ല.കൂടാതെ താഴെ പറയുന്ന വ്യക്തികളിൽ നിന്നും 2018-19വർഷം തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

I)ബിൽ രജിസ്റ്റർ പ്രകാരം വേതനം നൽകിയവർ

മജീഷ-50515/-(450/-)

ജീജ ,വോൾഗ-Ist & IInd half ൽ വേതനം കൈമാറിയിട്ടുണ്ട്(ISO ഭാഗമായി വന്നവർ തൊഴിൽ നികുതി മറ്റ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടെങ്കിൽ ആയ വിവരം ലഭ്യമാക്കേണ്ടതാണ്.

II)<u>കരാറുകാരിൽ നിന്നും നികുതി ഒടുക്കാത്തത്.</u>

അസി.എഞ്ചിനീയറുടെ മാന്വൽ രസീതുബുക്ക്,കാഷ്ബുക്ക്,പ്രൊജക്റ്റ് രജിസ്റ്റർ,എഗ്രിമെന്റ് രജിസ്റ്റർ,സെക്യൂരിറ്റി രജിസ്റ്റർ എന്നിവ പരിശോധിച്ചതു പ്രകാരം 2018-19 വർഷ കാലയളവിൽ പഞ്ചായത്തിൽ കരാറുകാരായി പ്രവർത്തിച്ച താഴെ പറയുന്ന 12 കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്തടവാക്കിയിട്ടില്ല.

| പേര് | തുക |
|---|---|
| സജീവൻ കെ കെ | 1250(IInd half) |
| സജീവൻ പി എ | 2500 |
| മുഹമ്മദ് സഗീർ പി എ | 2500 |
| ഇ ജി സിജിൽ കുമാർ | 2500 |
| ഷിഹാബ് കെ എ | 2500 |
| കെ പി അങ്കുഷ് | 1250(IInd Half) |
| നന്ദകുമാർ ടി | 2500 |
| രഞ്ജിത്ത് ടി | 2500 |
| കെ ബി സത്യൻ | 2500 |
| വി ഡി രാജീവ് | 2500 |
| സച്ചിൽ എം എസ് | 1250(Ist Half) |
| സി വി ഷാൻ | 1250(Ist Half) |
| ആകെ | 25000 |

കരാർ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ ഡിമാന്റ് ചെയ്യേണ്ടതും നികുതി റിട്ടേൺ മറ്റ പഞ്ചായത്തുകളിൽ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആ പഞ്ചായത്തുകളിൽ നികുതി അടവാക്കിയതിന്റെ രസീത് ഹാജരാക്കാൻ ആവശ്യപ്പെടേണ്ടതും ആയത് ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

III)കന്നുകാലി ഫാം നടത്തിപ്പുകാരിൽ നിന്ന തൊഴിൽ നികുതി ഈടാക്കാത്തത്

ഓഡിറ്റ് പരിശോധനയിൽ 10 ൽ കൂടുതൽ പശുക്കളെ വളർത്തുന്നവരും 18-19 പദ്ധതി- ഗുണഭോക്ത വിഹിതം കൈപ്പറ്റിയവരുമായ താഴെ പറയുന്ന വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല

നന്നാട്ട് കേശവൻ നായർ-വാർഡ് 12

ജയശ്രീ ദിവാകരൻ തായ്യുള്ളിയിൽ-വാർഡ് 3

എം എം രാംദാസ്-വാർഡ് 15

തേജസ്സ് ടി പി-വാർഡ് 8/406

IV)ഡി.ആന്റ് ഒ.രജിസ്റ്റർ പ്രകാരം 563 ട്രേഡേഴ്സ് സ്ഥാപനങ്ങളുണ്ട്. ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ട 10 ൽ കുറവ് വ്യാപാര സ്ഥാപനങ്ങളിൽ നിന്നും മാത്രമേ അർദ്ധ വാർഷിക വരുമാന പത്രിക അടിസ്ഥാനമാക്കി ജീവനക്കാരുടെ തൊഴിൽ നികുതി വരവിലെടുത്തിട്ടുള്ളു. എന്നാൽ ഡി.ആന്റ് ഒ.രജിസ്റ്റർ പ്രകാരം ട്രേഡ് സ്ഥാപനങ്ങളിലെ ഒരു ജീവനക്കാരന്റെ/ ഉടമയുടെ തൊഴിൽനികുതി മാത്രമെ ഈടാക്കുന്നുള്ളൂ.ട്രേഡേഴ്സ് തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം നല്ല തോതിൽ വ്യാപാരം നടക്കുന്ന പ്രമുഖ സ്ഥാപനങ്ങളിൽ നിന്ന് പോലും തൊഴിലാളികളുടെ/ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാൻ ശ്രദ്ധിക്കുന്നില്ല.(ഉദാ:ഇവന്റ് മേനേജ്മെന്റ് &കാറ്ററിംഗ് യൂണിറ്റുകൾ)

കേരള സംസ്ഥാന തൊഴിൽ വകുപ്പ് പ്രസിദ്ധീകരിച്ച മിനിമം വേതന നിരക്ക് പ്രകാരം ഓഡിറ്റ് വർഷം വ്യാപാര സ്ഥാപനങ്ങളിലെയും ഷോപ്പുകളിലേയും ഏറ്റവും താഴെയുള്ള ഗ്രേഡ് -ഇ. ജീവനക്കാരന്റെ മിനിമം വേതനം പ്രതിമാസം 8280രൂപയായിരുന്നു. ആയത് പ്രകാരം ഒരു ജീവനക്കാരന്റെ അർദ്ധ വാർഷിക വരുമാനം (8280x6) (മറ്റ് നിയമാനസൃത ആനുകൂല്യങ്ങളൊന്നും പരിഗണിക്കാതെ) 49680 രൂപയാണ്. ജീവനക്കാരന്റെ ഏറ്റവും കുറഞ്ഞ ഒരു അർദ്ധ വർഷത്തെ തൊഴിൽ നികുതി 450 രൂപ. ഡി.ആന്റ് ഒ.രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള പകുതി സ്ഥാപനങ്ങളിൽ ഏറ്റവും ചുരുങ്ങിയത് ശരാശരി 2 ജീവനക്കാരെങ്കിലും തൊഴിലെടുക്കുന്നുവെന്ന് കരുതാവുന്നതാണ്.282 സ്ഥാപനങ്ങളിലെ ഏറ്റവും ചുരുങ്ങിയത് 564 തൊഴിലാളികളിൽ നിന്ന് രണ്ട് അർദ്ധ വർഷങ്ങളിലായി 5,07,600-രൂപയെങ്കിലും (282x450x2) തൊഴിൽ നികുതി ഈടാക്കാൻ സാധിക്കുമെങ്കിലും ഇപ്രകാരം നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചു കാണുന്നില്ല. കൂടാതെ ഫാമുകൾ മുതലായവയിൽ നിന്നും സ്ഥാപന, വ്യക്തികത തൊഴിൽ നികുതികൾ ഈടാക്കാതെ പോകുന്നു. തനത് ഫണ്ട് വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്ന ഈ സാധ്യത ഉപയോഗപ്പെടുത്താൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നും നടപടികളുണ്ടായതായി കാണുന്നില്ല.

വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളി/ജീവനക്കാരിൽ നിന്ന് തൊഴിൽ നികതി ഈടാക്കന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഇഇ സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം 19/18.3.2020) മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-12 അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച്

അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച താഴെ പറയുന്ന അപാകതകൾ കാണന്നു.

1) തദ്ദേശ സ്വയംഭരണ വകപ്പിന്റെ 13.02.2015 ലെ നം.81777/RA1/2014/ത.സ്വ.ഭ.വ സർക്കുലർ, 18.10.2014 ലെ 60203/RA1/14/ത.സ്വ.ഭ.വ സർക്കുലർ എന്നിവ പ്രകാരം UA നമ്പർ നൽകി ഒരു വർഷത്തിൽ കൂടുതലായ എല്ലാ അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെയും നടപടി സ്വീകരിച്ചതിന്റെ റിപ്പോർട്ട് നൽകാനും നിശ്ചിത കാലാവധിക്കുള്ളിൽ അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് അപേക്ഷ സമർപ്പിക്കാത്ത എല്ലാ അനധികൃത നിർമ്മാണങ്ങൾക്കെതിരെയും നിലവിലുള്ള കേരള പഞ്ചായത്ത് രാജ് ആക്ട്, കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനസൃതമായ നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കാനും ആവശ്യപ്പെട്ടിരുന്നു. ഇഇ സംബന്ധിച്ച് ഫയലുകൾ ലഭ്യമാക്കേണ്ടതാണ്.UAരജിസ്റ്റർ പ്രകാരം 75 കെട്ടിടങ്ങൾക്ക് UA നമ്പർ നൽകിയിട്ടുണ്ട്(1/2017 വരെയുള്ള വിവരങ്ങൾ മാത്രമേ UA രജിസ്റ്ററിൽ ചേർത്തിട്ടുള്ളൂ).എന്നാൽ അതനസരിച്ച് എല്ലാ കെട്ടിടങ്ങൾക്കും കെട്ടിടങ്ങളുടെ ഏരിയവിവരം,നികതി കണക്കാക്കിയവിവരം രേഖപ്പെടുത്തിയിട്ടില്ല. സഞ്ചയയിൽ ചേർത്തിട്ടില്ല.ഇഇ കൂടാതെ സഞ്ചയയിൽ നിലവിൽ 17 വാർഡുകളിലായി 58 കെട്ടിടങ്ങൾക്കേ UA നമ്പർ നൽകി ചേർത്തു കാണന്നുള്ളൂ.പലതും മാന്വൽ രജിസ്റ്ററിൽ ഇല്ലാത്തതാണ്. സഞ്ചയയിലുള്ള UA കെട്ടിടങ്ങൾ വാർഡ് തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| വാർഡ് നം. | സഞ്ചയയിലുള്ള UAകെട്ടിടങ്ങളുടെ ആകെഎണ്ണം(മാന്വൽ രജിസ്റ്ററിൽ ഇല്ലാത്തത് ബ്രാക്കറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ) |
|---|---|
| I | 4 |
| II | 5(2/413A) |
| III | 4(3/57C),3/58A,3/421A) |
| IV | 4(4/550B) |
| V | 3 |
| VI | 9(6/17A,6/94B,6/172,6/231,6/232,6/293,6/524A) |
| VII | 8(7/126U,7/158B,7/239A7/376B,7/546B) |
| VIII | 3 |
| IX | 2 |
| X | 2(10/476A) |
| XI | 3(11/366A) |
| XII | 2(12/44B) |
| XIII | 2(13/245A,13/458B) |
| XIV | 0 |
| XV | 2(15/149A) |
| XVI | 2(16/43B) |
| XVII | 3(17/440A) |
| | |
| ആകെ | 58 |
| | |

II)സഞ്ചയയിൽ ചേർക്കാത്തത്(UA രജിസ്റ്റർ പ്രകാരം)

V/411B,V/546A,B,C,V/484E,XIII/41A,14/378A,8/519A,3/56A,12/89A,17/260B,3/291A,9/349B,14/378A,7/287A,1/419A,XVI/103A,1/286A,1/301A,302A,XV/194A,VI/16A,VII/294A,8/99B,7/341A,2/38C,XI/143A,XII/126,XII/145A,XII/145B,i/348A,2/126A,7/295,7/85A,12/100A

വാണിജ്യം-13/373A,B,C,V/524A.കെട്ടിടങ്ങളുടെ പേരിലുള്ള നിലവിലെ നടപടി വിവരങ്ങൾ,പാർപ്പിടാവശ്യ കെട്ടിടങ്ങളുടെ വസ്തുനികുതി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

III)വാണിജ്യാവശ്യ കെട്ടിടങ്ങൾക്കെതിരെ നടപടി സ്വീകരിക്കാതെ വസ്തുനികുതി അസസ്സ് ചെയ്തിരിക്കുന്നത് (സഞ്ചയ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം)താഴെ ചേർക്കുന്നു

കെട്ടിടനം 2/365D,E,6/293

അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല(ഓഡിറ്റ് അന്വേഷണം 9/13.3.2020).

## 1-13 സ്ഥാപനങ്ങൾക്ക് വ്യവസായ ഗണത്തിൽ വസ്തു നികുതി നിർണ്ണയിക്കാതെ വാണിജ്യാടിസ്ഥാനത്തിൽ നിർണ്ണയിച്ചു നികുതി ഈടാക്കുന്നു

2018-19-വ്യവസായം,വാണിജ്യം,സംരംഭകത്വം,മറ്റു സേവനങ്ങൾക്കുള്ള ലൈസൻസ് രജിസ്റ്റർ,സഞ്ചയയിൽ നിന്നുള്ള വ്യവസായ സ്ഥാപനങ്ങളുടെ ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ വാണിജ്യ ലൈസൻസെടുത്ത താഴെ പറയുന്ന 75 വ്യാവസായിക അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ സഞ്ചയയിൽ നിന്നുള്ള വ്യവസായ സ്ഥാപനങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

1) ഫർണ്ണിച്ചർ നിർമ്മാണം

XII/445E,10/405,6/131,132

2)Saw mill/മര ഫർണ്ണിച്ചർ നിർമ്മാണം

8/249,14/29,13/415,12/67,2/268,8/562,1/374A,4/199, 11/425A ,8/223,12/512A

3)പേപ്പർ നിർമ്മാണം

4/455

4)Service Station

10/126,6/572A,B

5)Cement Tile നിർമ്മാണം

5/358,13/173

6)അലുമിനിയം ഫാബ്രിക്കേഷൻ

6/515,5/393D,3/210,9/581B,17/116A

7)വസ്ത്ര നിർമ്മാണം

10/592

8)പടക്ക നിർമ്മാണം

8/566C

9)പപ്പട നിർമ്മാണം

7/185,9/353B

10)Pet Bottle,Preform നിർമ്മാണം

10/144,134,135,136,137

11)ആയുർവ്വേദ മരുന്നു നിർമ്മാണം

8/527A,B,15/308

12)എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ്

9/40,8/585,8/174,2/340,6/160,2/471B,XI/331,9/150,

13)ക്യാരി ബാഗ് നിർമ്മാണം

XI/71A

14)Laundry & Dry Cleaning

6/400

15)സോഫ നിർമ്മാണം

2/426

16)food products

7/63,10/579,9/560,9/206C,3/209,4/222,3/371

17)Offset/Screen /Flex /Digital Printing Press

4/201,202,9/327,8/487

18)Flour Mills

9/141,3/145,10/316,8/407,13/522,8/532,6/304,4/257A,14/132,1/340,13/26,5/311,7/2,5/168,XI/510,3/105,7/457,10/145,2/434,9/184,15/217,3/3

മേൽപ്പറഞ്ഞ 75 ലൈസൻസ് അനുവദിച്ചിട്ടുള്ള കെട്ടിടങ്ങൾക്കും ഫീൽഡ് പരിശോധന നടത്തേണ്ടതും സുരക്ഷ മാനദണ്ഡങ്ങൾക്കനുസൃതമായി G1,G2,MIMSE എന്നീ വ്യവസായ ഗണങ്ങളിൽ ലൈസൻസ് അനുവദിക്കേണ്ടതും സഞ്ചയയിൽ വാണിജ്യ ഗണത്തിൽ നിന്നും മാറ്റി വസ്തുനികുതി പരിഷ്കരിക്കേണ്ടതുമാണ്. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്(ഓഡിറ്റ് അന്വേഷണം 15/16.3.2020)

## 1-14 വേക്കൻസി റമിഷൻ -ബിൽഡിംഗുകളെ സംബന്ധിച്ച പരിശോധനയിൽ കണ്ട അപാകതകൾ

വേക്കൻസി റമിഷൻ-വസ്തു നികുതിയിളവ് നൽകുന്നതുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്നുള്ള 2018-19 ലെ വസ്തുനികുതി ഒഴിവാക്കിനൽകൽ ലിസ്റ്റ്, അംഗീകാരം സംബന്ധിച്ചുള്ള ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി മിനിറ്റ്സ് തീരുമാനം(4/26.11.18,7/27.3.2019) എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന

അപാകതകൾ കാണുന്നു

a) വേക്കൻസി റമിഷൻ രജിസ്റ്റർ ,അപേക്ഷകൾ സംബന്ധിച്ച ഫയൽ,സാക്ഷ്യപ്പെടുത്തിയ പരിശോധന കുറിപ്പ് എന്നിവ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല

b)സഞ്ചയയിൽ Vacancy Remission നൽകിയത്

കെട്ടിട നം13/406,408,14/429,430,8/566,3/422,8/485,10/184.ഇതിൽ 13/406,408, 3/422 കെട്ടിടങ്ങൾക്ക മാത്രമാണ് അംഗീകാരമുള്ളത്.

കേരള പഞ്ചായത്ത് രാജ് റൂൾ 21 ൽ 2 A പ്രകാരം നോട്ടീസ് ലഭ്യമാക്കിയാൽ മാത്രമെ ഇളവ് നൽകാവൂ.

c)കേരള പഞ്ചായത്ത് രാജ് റൂൾ 21 ൽ B ,C(A) എന്നിവ പ്രകാരം ഇളവ് നൽകിയതിൽ അപാകതയുള്ളത്.

9.3.18,21.3.2018,17.3.19,27.3.19,23.3.19 തീയതികളിലെ അപേക്ഷകൾക്ക്(സഞ്ചയയിലെ File വിവരപ്രകാരം)കമ്മറ്റി അംഗീകാരമില്ലാത്തത് (കെട്ടിട നം 14/429,430,8/566,3/422,8/485,10/184)സഞ്ചയയിൽ ചേർത്ത് ഒഴിവാക്കിയതിനു വിശദീകരണം നൽകേണ്ടതാണ്.തപാൽ പ്രകാരമുള്ള കാലയളവ് (60 ദിവസത്തിൽ കൂടതലുണ്ടെങ്കിൽ മാത്രം)മാത്രമെ പരിഗണിക്കാനാവൂ.

ഇപ്രകാരം ഇളവ് നൽകിയത് അംഗീകരിക്കാവുന്നതല്ല.അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്(ഓഡിറ്റ് അന്വേഷണം 11/13.3.2020)

## 1-15 വിമുക്ത ഭടൻമ്മാർക്ക് കെട്ടിടനികുതിയിളവ് നൽകിയത് സംബന്ധിച്ച്

വിമുക്ത ഭടൻമ്മാർക്ക് കെട്ടിടനികതിയിളവ് നൽകുന്നതുമായി ബന്ധപ്പെട്ട് വിമുക്ത ഭടന്മാരുടെ അപേക്ഷ സംബന്ധിച്ച ഫയൽ,സഞ്ചയയിൽ നിന്നുള്ള 2018-19 ലെ കെട്ടിടനികതി ഒഴിവാക്കിനൽകൽ ലിസ്റ്റ്, ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി മിനിറ്റ്സ് തീരുമാനം നം 2/26.11.18,4/7.3.19,1/27.3.19എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു

1) 2018-19 കമ്മറ്റി അംഗീകരിച്ച എല്ലാ കെട്ടിടങ്ങൾക്കും നികതിയിളവ് നൽകിയിട്ടില്ല,എന്നാൽ അംഗീകാരവും അപേക്ഷയും ഇല്ലാതെ നികതി ഒഴിവാക്കിയ കെട്ടിടങ്ങൾ താഴെ ചേർക്കുന്നു

1/75-രമേഷ്

4/390-മുഹമ്മദ് യൂസഫ് പുന്നിലത്ത്

6/257-ഹംസ കോഴിപുറത്ത്

8/163-ഭവാനിയമ്മ കിഴക്കൂട്ട്

8/165-ജയലക്ഷ്മി സതീശൻ കിഴക്കൂട്ട്

8/444-വിജയൻ പുത്തേഴത്ത്

11/302-കാർത്തികേയൻ മണ്ടത്ര

13/37-പ്രസന്നകമാർ ചിറ്റേഴത്ത്

13/365-വിമല കോലത്ത്

കെട്ടിടങ്ങൾ exemption period continue status ൽ കിടക്കുന്നതുകൊണ്ട് മുൻവർഷങ്ങളിലും ഇപ്രകാരം വരവിനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.സ. ഉ(കൈ) നം 106/17 ത.സ്വ.ഭ.വ തീ.26.5.17 പ്രകാരം യഥാസമയം അപേക്ഷ സ്വീകരിക്കേണ്ടതും അതതു വർഷത്തേക്കുമാത്രം നികതി ഒഴിവാക്കേണ്ടതുമാണ്.

2) 12/177,15/51,15/59 എന്നീ കെട്ടിടങ്ങളുമായി ബന്ധപ്പെട്ട അപേക്ഷകൾ മാത്രമെ ഫയലിൽ ഉള്ളൂ. അപേക്ഷകൾ പരിശോധിച്ചതിൽ പെൻഷൻബുക്ക്/ഡിസ്ചാർജ്ജ് ബുക്കിൽ തദ്ദേശ സ്വയം ഭരണമേധാവികൾ കെട്ടിടനികതി ഇളവ് അനുവദിച്ചു കൊണ്ട് ഉത്തരവ് നം/തീ. എന്നിവ രേഖപ്പെടുത്തി സ്ഥാപനമുദ്ര എന്നിവ പതിപ്പിച്ച നൽകിയതായി കാണുന്നില്ല.കൂടാതെ വാർഡ് ക്ളർക്ക് പരിശോധന റിപ്പോർട്ട് തയ്യാറാക്കുകയോ രജിസ്റ്റർ തയ്യാറാക്കി ബിൽഡിംഗ് ഏരിയ,നികതിയിളവ് രേഖപ്പെടുത്തി അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല.പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസർ പരിശോധന നടത്തുകയും പരിശോധനകറിപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.ഫയലുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ യഥാസമയം പാലിക്കപ്പെടേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം 10/13.3.2020)

## 1-16 വാഹനപരിപാലനം-ലോഗ്ബുക്കിൽ വിവരങ്ങൾ പൂർണമല്ല

ഗ്രാമപഞ്ചായത്തിൽ പുതുതായി വാങ്ങിയ വാഹനം 20/7/18 മുതൽ ഉപയോഗിച്ചുതുടങ്ങിയിട്ടുണ്ട്.ലോഗ്ബുക്കിൽ മാസാന്ത്യസംക്ഷിപ്തം, ഇന്ധനക്ഷമത സംബന്ധിച്ച സാക്ഷ്യപത്രം, ആക്സസറികൾ ഫിറ്റ് ചെയ്ത വിവരങ്ങൾ, സർവീസ് ചെയ്തവിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

മേൽക്കാണിച്ച എല്ലാ വിവരങ്ങളും ചേർത്ത് ലോഗ് ബുക്ക് ആധികാരികമായി സൂക്ഷിക്കാൻ നടപടികളെടുക്കേണ്ടതാണ്.
മൈലേജ് ടെസ്റ്റ് നടത്തുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി 20/18.3.2020 നുള്ള മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്

## 1-17 വെള്ളക്കരം -ഔദ്യോഗികബിൽ ഹാജരാക്കേണ്ടതാണ്

താഴെപ്പറയുന്ന വൗച്ചറുകൾ പ്രകാരം വെള്ളക്കരമടച്ചതിന്റെ ഔദ്യോഗികബിൽ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം | വൗച്ചർനം | തുക | മാസം |
|---|---|---|---|
| 1 | 21800755/21/11/18 | 157500 | 11/18 |
| 2 | 21800884/20/12/18 | 157500 | 12/18 |

ഔദ്യോഗികബില്ലുകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-18 മരാമത്ത് പ്രവൃത്തികളുടെ നിർവഹണം

സാമ്പത്തികവർഷം 65 പ്രൊജക്ടുകൾ 27684062 രൂപ അടങ്കലിൽ ആവിഷ്കരിച്ചു. 46 പ്രൊജക്ടുകൾക്കുവേണ്ടി 15455820 രൂപ ചെലവിട്ടു.70% പ്രൊജക്ടുകൾക്കുവേണ്ടി തുകചെലവഴിക്കാൻ സാമ്പത്തികവർഷം കഴിഞ്ഞിട്ടുണ്ട്. വകയിരുത്തിയ അടങ്കലിന്റെ 55.83% തുക ചെലവിടാനും കഴിഞ്ഞിട്ടുണ്ട്.കരാറുകാരുടെ ബഹിഷ്കരണം ,പങ്കാളിത്തക്കുറവ് എന്നിവ മൂലം സാമ്പത്തികവർഷം മിക്ക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പദ്ധതി തുക ചെലവിടുന്നതിൽ തടസ്സം നേരിട്ടപ്പോൾ തൃപ്തികരമായ പ്രകടനം നടത്തുവാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുള്ളതാണ്. വരും വർഷങ്ങളിൽ കൂടുതൽ

മെച്ചപ്പെട്ട പ്രകടനം സ്ഥാപനത്തിൽനിന്നം പ്രതീക്ഷിക്കുന്നു.

മരാമത്ത് പ്രവൃത്തികളുടെ ഫയലിൽ മോണിറ്ററിങ് റിപ്പോർട്ടുകൾ ഉള്ളടക്കം ചെയ്യുന്നില്ല എന്നുള്ളത് ന്യൂനതയാണ്. ഇത് അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

## 1-19 ബസ് സ്റ്റാന്റ് നവീകരണം,വാട്ടർ ടാങ്ക് ഈസ്റ്റ് സൗത്ത് റോഡ് ഇന്റർലോക്കിങ് കട്ട വിരിക്കൽ ക്വാളിറ്റി ടെസ്റ്റ് നടത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിന് മുമ്പിലുള്ള ബസ് സ്റ്റാന്റ് മൂന്ന് പ്രൊജക്ടുകൾ വഴി ഇന്റർലോക്കിങ് കട്ട വിരിച്ചിട്ടുണ്ട്.കൂടാതെ മതിലകം വാട്ടർടാങ്ക് ഈസ്റ്റ് സൗത്ത് റോഡിലും ഇന്റർലോക്കിങ് കട്ട വിരിച്ചിട്ടുണ്ട്. ഈ പ്രവൃത്തികളിൽ ഇന്റർലോക്കിങ് കട്ടയുടെ ക്വാളിറ്റിടെസ്റ്റ് നടത്തിയിട്ടില്ല.ഇത് സംബന്ധിച്ച നൽകിയ 21/18/3/20 നം എൻക്വയറിക്കുള്ള മറുപടിയിൽ ഇതിന് ശേഷം നടത്തിയ എല്ലാ പ്രവൃത്തികളിലും ക്വാളിറ്റി ടെസ്റ്റ് നടത്തിയിട്ടുള്ളതായി അസി.എൻജിനീയർ സൂചിപ്പിച്ചു.ഈ പ്രവൃത്തികൾ സംബന്ധിച്ച് ഡിഫക്റ്റ് ലയബിലിറ്റി പിരീഡായ മൂന്നവർഷത്തിനുള്ളിൽ വരുന്ന എല്ലാ അപര്യാപ്തതകളും തകരാറുകളും ബന്ധപ്പെട്ട കരാറുകാരെക്കൊണ്ട് നിർവഹിക്കാനുള്ള നടപടികൾ ആയതിനാൽ തന്നെ സ്വീകരിക്കേണ്ടതാണ്.കരാറുകാരുടെ പേരുവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് നം. | കരാറുകാരൻ | ബിൽനം,ചെക്ക് നം | തുക | പൂർത്തീകരിച്ച തീയ്യതി | അളവുപുസ്തകം |
|---|---|---|---|---|---|---|
| 1 | 157/19 ബസ്സ്റ്റാന്റ് നവീകരണം | കെ.ബി സത്യൻ | 21/30/7/18<br>ചെക്ക്-1330628/21/8/18<br>23/30/7/18 | 654738<br>43513<br>318307 | 16/5/18 | 40/17-18 |
| 2 | 172/19<br>-ടി- ബാക്കി ഭാഗം | ,, ,, | 30/28/11/18<br>ചെക്ക് -0370416/28/11/18 | 150000<br>5419 | 17/1/18 | 5/18-19 |
| 3 | 146/19<br>ബസ്സ്റ്റാന്റ് നവീകരണം | നന്ദകുമാർ ടി | 22/31/7/18 | 654578 | 12/5/18 | 34/17-18 |
| 4 | 56/19<br>വാട്ടർ ടാങ്ക് ഈസ്റ്റ് സൗത്ത് റോഡ് ഇന്റർ ലോക്കിംഗ് കട്ട വിരിക്കൽ | പി എ മുഹമ്മദ് സഗീർ | 27/23/11/18 | 601643 | 22/9/18 | 2/18-19 |

## 1-20 81 നം.അംഗണവാടി അപര്യാപ്തത പരിഹരിക്കേണ്ടതാണ്

അംഗണവാടി നവീകരണപ്രവൃത്തിയുടെ ഭാഗമായി ഇവിടെ മതിൽ ട്രസ്സ് വർക്ക് ,ഫ്ളോറിങ് എന്നി ചെയ്തിട്ടുണ്ട്.മഴ പെയ്യുമ്പോൾ മതിലിൽ വെള്ളം വീണ് അംഗണവാടിക്കുള്ളിൽ (വരാന്തയിൽ ) വെള്ളം വീഴുന്നതായി ,ഗ്രമപഞ്ചായത്തിലെ അസി.എൻഞ്ചിനീയർ ശ്രീമതി. നിഷി.പി.ദേവദാസ് എന്നവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ അംഗണവാടി വർക്കർ ശ്രീമതി.അഷിത.കെ.കെ. എന്നവർ സൂചിപ്പിച്ചു.ആയതിനാൽ ഈ അപാകത മഴക്കാലം വരും മുമ്പെ എത്രയും വേഗം പരിഹരിക്കേണ്ടതാണ്.

## 1-21 ക്വാറിമക്ക് വില പൊതുമരാമത്ത് എൻ.ആർ.ഇ.ജി.എസ്.നിരക്കുകൾ തമ്മിൽ ഗണ്യമായ അന്തരം

ഗ്രാമപഞ്ചായത്തിലെ ത.സ്വ.ഭ.വ. എൻജിനീയറിങ് വിഭാഗം നടത്തുന്ന പ്രവൃത്തികളിൽ ക്വാറിമക്കിന്റെ വില ഒരു ഘനമീറ്ററിന് 750 രൂപയാണ്. ഇതിന്റെ കൂടെ 15% CPOH കൂട്ടുമ്പോൾ വില 862.50 രൂപയാകുന്നു. എന്നാൽ തൊഴിലുറപ്പുപദ്ധതിപ്രകാരം നടത്തുന്ന പ്രവൃത്തികളിൽ ക്വാറിമക്കിന്റെ വില ഒരു ഘനമീറ്ററിന് എൻ.ആർ.ഇ.ജി.എസ്.നിരക്കുപ്രകാരം 1250 രൂപയാണ്.ഈ രണ്ട് നിരക്കുകൾ തമ്മിലുള്ള അന്തരം 387.50 രൂപയാണ്. അതായത് പൊതുമരാമത്ത് നിരക്കിനേക്കാൾ 44.93%(387.5/750X1/100) അധികമാണിത്.ഇത് കരാറുകാരന് അധികലാഭമുണ്ടാക്കുന്നതാണ്.സാമ്പത്തികവർഷം തൊഴിലുറപ്പുപദ്ധതിയുടെ ഭാഗമായുള്ള സാധനസാമഗ്രികൾ വിതരണം നടത്തിയിട്ടുള്ളത് കെ.കെ.രാധാകൃഷ്ണൻ എന്ന കരാറുകാരനാണ്. ഒരേ സമയം ഒരേ സാധനത്തിന് വ്യത്യസ്ത ത.സ്വ.ഭ.വ. സ്ഥാപനങ്ങളിൽ വ്യത്യസ്ത നിരക്കുകൾ നല്കുന്നത് ശരിയായ നടപടിയല്ല.ഇതുമൂലം ഗ്രാമപഞ്ചായത്തിനുണ്ടായ അധികച്ചെലവിന്റെ വിവരം താഴെകൊടുക്കുന്നു.

| ക്രമനം | പ്രവൃത്തി | അളവുപുസ്തകം | ക്വാറിമക്ക് അളവ് | നല്കിയ വില(1250/m3) | പൊതുമരാമത്ത് നിരക്കുപ്രകാരമുള്ള വില(862.50/M3) | അധികച്ചെലവ് |
|---|---|---|---|---|---|---|
| 1 | പുതിയകാവ് സബ്സെന്റർ നടപ്പാത നിർമാണം | 167/AE/LSGD/MGNREGA/18-9 | 27.30 | 34125 | 23546.25 | 10579 |
| 2 | പൊക്ളായി കോളനി,, | 117/,, | 11.475 | 14343.75 | 9897.18 | 4447 |
| 3 | ഒന്നാം വാർഡ് ഹരിശ്രീ അംഗണവാടി,, | 196/,, | 18.80 | 23500 | 16215 | 7285 |
| 4 | മതിലകം പ്രദേശത്തെ കോണത്ത് മാതൃ ഊളക്കൻ അബു പരിസരം,, | 92/,, | 50.60 | 63250 | 43642.50 | 19607.50 |
| 5 | കുളിമുട്ടം അലോപ്പതി ഡിസ്പെൻസറി | 197/,, | 29.70 | 37125 | 25616 | 11509 |
| ആകെ | | | | | | 53427.50 |

ഇത്രയും തുക കൊണ്ട് പൊതുമരാമത്ത് വകുപ്പ് നിരക്കിൽ 61.95m3 ക്വാറിമക്ക് വാങ്ങാവുന്നതാണ്,ഇതാകട്ടെ 4m3 ക്വാറിമക്ക് കൊള്ളുന്ന ഭാരവണ്ടിയിൽ കൊണ്ടുവരികയാണെങ്കിൽ 15 ലോഡ് വരുന്നതുമാണ്.എൻ.ആർ.ഇ.ജി.എസ് പദ്ധതിയുടെ സാങ്കേതികസമിതിയിൽ ചെയർമാനായി വരുന്നത് എൽ.എസ്.ജി.ഡി.വിഭാഗം അസി.എൻഞ്ചിനീയറാണെങ്കിൽ ടി.എൻജിനീയർ നിർവഹണം നടത്തുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ സാങ്കേതികാനുമതി നൽകുന്നത് അസി.എക്സി.എൻജിനീയറാണ്.അതുകൊണ്ടുതന്നെ ഈ നിരക്കുകൾ തമ്മിലുള്ള അന്തരം പ്രത്യേകശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.കൂടിയ നിരക്കു അനുവദിക്കുവാനുണ്ടായതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

## 1-22 സിമന്റ് വാങ്ങിയതിന്റെ ബിൽ പ്രവൃത്തികഴിഞ്ഞശേഷമുള്ളത്

മതിലകം പ്രദേശത്തെ കോണത്ത് മാതൃ,ഊളക്കൻ അബു പരിസരം നടപ്പാത നിർമാണം എന്ന പ്രവൃത്തി നടന്നിട്ടുള്ളത് 4/9/18-7/9/18 തീയ്യതികളിലാണ്,മസ്റ്റർ റോൾ നം 1675/3/9/18,1699/6/9/18.അളവുപുസ്തകം 92/AE/LSGD/MGNREGA/18-19.പക്ഷെ പ്രവൃത്തിക്കായി സാധനങ്ങൾ വിതരണം ചെയ്ത ശ്രീ.കെ.കെ.രാധാകൃഷ്ണൻ ലഭ്യമാക്കിയ സിറ്റി ഏജൻസീസ് സി.കെ.വളവ് മതിലകം എന്ന സ്ഥാപനത്തിന്റെ 15/9/18 ലെ 170 നം ഇൻവോയ്സാണ്.പ്രവൃത്തി നടന്ന ശേഷമുള്ള തീയ്യതിയിൽ സമർപ്പിച്ച ബിൽ ആധികാരികമായിട്ടുള്ളതല്ല. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-23 ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികൾ- രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച്.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ വിവിധ പദ്ധതികളിൽ താഴെ കാണും പ്രകാരം രേഖകളും രജിസ്റ്ററുകളും ഹാജരാക്കിയിട്ടില്ല. ആയത് ലഭ്യമാക്കി പരാമർശം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം. | പദ്ധതി നം. | ചെലവു തുക | റിമാർക്സ് |
|---|---|---|---|
| 1 | 17/19-വയോജന പരിപാലനം | 82355 | വയോജന സംഗമം നടത്തുന്നതിനായി അഴീക്കോട് മുനക്കൽ ബിച്ചിലേക്ക് യാത്രനടത്തിയതിനും,290 പേർക്ക് ഭക്ഷണം വിതരണം ചെയ്തതിനും കൂടി 78305 രൂപ ചെലവഴിച്ചു കാണുന്നു. മാർഗ്ഗരേഖ പ്രകാരം ഉല്ലാസ യാത്രകൾക്കായി തുക ചെലവഴിക്കുന്നതിന് വ്യവസ്ഥയില്ല. ഫോട്ടോ, അറ്റൻഡൻസ്, നോട്ടീസ്, പ്രോഗ്രാം ഷെഡ്യൂൾ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ ഇല്ല. ആയവ ലഭ്യമാക്കേണ്ടതാണ്. |
| 2. | 21/19-ഭിന്നശേഷി ഉപകരണ വിതരണം. | 583964 | ഉപകരണങ്ങൾ വിതരണം ചെയ്ത കെൽട്രോൺ തന്നെയാണ് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചതായി കാണുന്നത്. ഉപകരണങ്ങൾ കെൽട്രോണിൽ നിന്നും വാങ്ങുന്നതിനുള്ള ഭരണ സമിതി തീരുമാനം, ഗുണഭോക്താക്കളുടെ ഭരണ സമിതി അംഗീകരിച്ച ലിസ്റ്റ്, സ്റ്റോക്ക് രജിസ്റ്റർ, ഉപകരണ വിതരണം ഫോട്ടോ, ഡോക്യുമെന്റേഷൻ, ഇലക്ട്രോണിക് വീൽ ചെയർ കൈപറ്റിയവർ പഞ്ചായത്തുമായി ഉണ്ടാക്കിയ കരാർ, വിതരണം ചെയ്ത ഉപകരണങ്ങളുടെ വാറണ്ടി സംബന്ധിച്ച് കെൽട്രോണുമായി ഏർപ്പെട്ട കരാർ, ഗുണഭോക്താക്കൾക്കാവശ്യമുള്ള ഉപകരണങ്ങൾ ശുപാർശ ചെയ്ത ഡോക്ടർമാർ സാക്ഷ്യപെടുത്തി നൽകിയ ലിസ്റ്റ് എന്നിവ ഫയലിൽ ഇല്ല. |
| 3 | 143/19-ഭിന്നശേഷി ഉപകരണങ്ങൾ-സ്പിൽ ഓവർ | 271210 | ,, |

മേൽ സൂചിപ്പിച്ച രേഖകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 ഹെഡ് മിസ്ട്രസ് നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

ഹെഡ് മിസ്ട്രസ് ജി.എൽ.പി.എസ്.പാപ്പിനിവട്ടം നടപ്പാക്കിയ മുഴുവൻ പദ്ധതികളുടെയും മോണിറ്ററിംഗ് റിപ്പോർട്ടുകൾ ഹാജരാക്കിയിട്ടില്ല. തൻ വർഷത്തിൽ ആവിഷ്കരിച്ച 10 പദ്ധതികളിൽ മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചർ നൽകുന്ന പദ്ധതി തൻവർഷത്തിൽ നടപ്പാക്കിയിട്ടില്ല. മറ്റു പദ്ധതികളിലെ നടത്തിപ്പ് സംബന്ധിച്ച അപാകതകളുടെവിവരം താഴെ ചേർക്കുന്നു.

| പ്രോജക്ട് നം | ചെലവഴിച്ച തുക | കുറിപ്പുകൾ |
|---|---|---|
| 25/19 തുല്യതാ പഠനം | 35100 | ഗുണഭോക്താക്കൾ പരീക്ഷയെഴുതിയത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 177/19 അക്ഷര ലക്ഷം പദ്ധതി | 21868 | ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല |
| | 247500 | ഗുണഭോക്താക്കളുടെ അപേക്ഷ, അർഹത സംബന്ധിച്ച സ്കൂൾ അധികാരിയുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| 42/19പ്രീ പ്രൈമറിയിലേക്ക് ഫർണീച്ചർ | | സ്റ്റോക്ക് രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| 48/19 ലാപ്ടോപ്, പ്രോജക്ടർവാങ്ങൽ | | സ്റ്റോക്ക് രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |

ആയതിനാൽ മേൽ സൂചിപ്പിച്ച രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കി പരാമർശം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 കെ.എം.എസ്.സി.എൽ. ൽ നിന്നും മരുന്നുകൾ ലഭിക്കുന്നതിൽ കാലതാമസം- തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്- ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ കുളിമുട്ടം പി.എച്ച്.സി., പാലിയേറ്റീവ് പദ്ധതി എന്നിവയിലേക്ക് മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിനായി കെ.എം.എസ്.സി.എൽ ന് പ്രൊഫോർമ ഇൻവോയ്സ് പ്രകാരം താഴെ കാണും പ്രകാരം തുക നൽകിയിട്ടുണ്ട്.

| പ്രോജക്റ്റ് നം. | പ്രോഫാർമ ഇൻവോയ്സ് നം./തിയതി | തുക |
|---|---|---|
| 125/19 | 3075/7.12.18 | 86050 |
| 122/19 | 3371/19.12.18 | 200000 |
| ,, | 5147/12.3.19 | 6400 |
| ,, | 5148/13.3.19 | 73299 |
| | ആകെ | 365749 |

മേൽ പ്രകാരം തുക നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ ലഭ്യമായതായി കാണുന്നില്ല. പാലിയേറ്റിവ് കെയർ വിഭാഗത്തിൽ പെടുന്ന രോഗികൾക്കാവശ്യമായ മരുന്നുകളും ഉപകരണങ്ങളും സമയബന്ധിതമായി ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-26 ലൈഫ് പദ്ധതി-പ്രവൃത്തി പുരോഗതി അഭിനന്ദനാർഹം. തുടർ നടപടി സ്വീകരിക്കണം.

ഗ്രാമപഞ്ചായത്തിലെ ജനറൽ വിഭാഗത്തിലെ അർഹരായ 84 ഗുണഭോക്താക്കളിൽ 60 ഗുണഭോക്താക്കൾ കരാറിലേർപെട്ടുകയും ഇതിൽ 50 പേർ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവരിൽ 9 പേർ മെയിൻ വാർക്ക വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുകയും ഒരാൾ ഹൈവേ നിർമ്മാണത്തിനായി ഭൂമി വിട്ടു നൽകിയതിനാൽ പ്രവൃത്തി നടത്താനാവാത്ത സ്ഥിതിയിലുമാണ്. അതേസമയം പട്ടികജാതി വിഭാഗത്തിലെ അർഹരായ 14 പേരിൽ കരാറിലേർപെട്ട 12 പേരിൽ 5 പേർ നിർമ്മാണം പൂർത്തീകരിക്കുകയും 3 പേർ മെയിൻവാർക്കയും 3 പേർ ലിന്റൽ വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചതായും കാണുന്നു. ഒരാൾ നാളിതുവരെ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. ലൈഫ് പദ്ധതിയുടെ ഭാഗമായി സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപെട്ട ഭൂരിഭാഗം ഗുണഭോക്താക്കളുടെയും ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിച്ചുവെന്നത് അഭനന്ദനാർഹമായ നേട്ടമായി ഓഡിറ്റ് വിലയിരുത്തുന്നു. അതോടൊപ്പം തന്നെ അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും ഭവനം നിർമ്മിച്ച് നൽകുന്നതിനും സമ്പൂർണ്ണ ഭവന രഹിത പഞ്ചായത്തായി മാറുന്നതിനുള്ള നടപടികൾസ്വീകരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-27 ലൈഫ് പദ്ധതിക്ക് അഡ്വാൻസ് നൽകിയിട്ടും നാളിതു വരെ പ്രവൃത്തി ആരംഭിക്കാത്തവരിൽ നിന്നും തുക തിരികെ ഈടാക്കണം.

വി.ഇ.ഒ. മതിലകം നടപ്പാക്കിയ പദ്ധതി നം. 87/19 പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീമതി.സുനില, കുട്ടാല,കുളിമുട്ടം എന്നവർക്ക് ബിൽ നം. 3/18-19/27.6.18പ്രകാരം 40,000/-രൂപയും, വി.ഇ.ഒ.കുളിമുട്ടം നടപ്പാക്കിയ പദ്ധതി നം. 99/19പ്രകാരം ജനറൽ വിഭാഗത്തിൽ പെട്ട ശ്രീമതി. ഷമീറ,വലിയകത്ത്, പാപ്പിനിവട്ടം. എന്ന ഗുണഭോക്താവിന് ബിൽ നം. 4/18-19/16.6.18 പ്രകാരം 40,000/- രൂപയും ലൈഫ് പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണ അഡ്വാൻസായി മേൽ രണ്ട് ഗുണഭോക്താക്കളും കൈപറ്റിയിട്ടുണ്ട്. എന്നാൽ മേൽ രണ്ട് ഗുണഭോക്താക്കളും നാളിതുവരെ ഭവന നിർമ്മാണം ആരംഭിച്ചതായി കാണുന്നില്ല. ഇതിൽ ജനറൽ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താവിന്റെ കൈവശ ഭൂമി ഹൈവേ വികസനത്തിന്റെ ഭാഗമായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ആയതിനാൽ മേൽ ഗുണഭോക്താക്കളിൽ നിന്നും തുക പലിശ സഹിതം ഈടാക്കുന്നതിനായി 12.11.19ലെ ഭരണസമിതി 12ാം നമ്പറായി തീരുമാനമെടുത്തു കാണുന്നു. എന്നാൽ തുക തിരികെ ഈടാക്കിയതായി കാണുന്നില്ല. ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-28 മാലിന്യ സംസ്കരണം-ഹരിത കർമ്മസേനയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തണം.

മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് തൻ വർഷം രൂപീകരിച്ച വയബിലിറ്റി ഗ്യാപ് ഫണ്ട്, തുണിസഞ്ചി നിർമ്മാണം എന്നീ പദ്ധതികൾ തൻവർഷം നടപ്പാക്കിയിട്ടില്ല. അജൈവ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ കളക്ഷൻ സെന്റർ ആരംഭിക്കുന്നതിനും 19.6.18 ലെ 1(2) തീരുമാന പ്രകാരം 34 പേരുടെ ഹരിത കർമ്മ സേന രൂപീകരിച്ച് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ 11ാം വാർഡിൽ നിർമ്മാണം ആരംഭിച്ച അജൈവ മാലിന്യ സംഭരണ കേന്ദ്രം (MCF) പ്രദേശ വാസികളുടെ എതിർപ്പിനെ തുടർന്ന് നിർമ്മാണം സ്തംഭിച്ചതിനാൽ സമയബന്ധിതമായി പദ്ധതി നടപ്പാക്കാൻ സാധിച്ചില്ലായെന്നും നിലവിൽ പ്രശ്നങ്ങൾ പരിഹരിച്ച് പ്രവൃത്തി നടത്തുന്നതായും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിക്കുകയുണ്ടായി. ഉറവിട മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി 31പേർക്ക് ബയോഗ്യാസ് പ്ളാന്റുകൾ നിർമ്മിച്ച് നൽകിയതായും, മതിലകം സെന്ററിൽ തുമ്പൂർ മുഴി മോഡൽ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ സംഭരണകേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തിയാക്കി ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 തെങ്ങുകൃഷി പ്രൊജക്ടുകൾ -അവലോകനം

കാർഷിക മേഖലയിൽ തെങ്ങുകൃഷിക്ക് ഏറെ പ്രധാന്യവും വ്യാപ്തിയും ഉള്ള പഞ്ചായത്താണ് മതിലകം. കൃഷി സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 975 ഹെക്ടർ കേരകൃഷി പഞ്ചായത്തിലുണ്ട്. തെങ്ങിനായി ജൈവവളം, കുമ്മായം, കേട് വന്ന തെങ്ങ് മുറിച്ചുമാറ്റി പുതിയ തൈ വെക്കൽ എന്നീ പ്രൊജക്ടുകളാണ് വർഷങ്ങളായി കൃഷി ഓഫീസർമാർ ചെയ്തുവരുന്നത്.2015 – 16 മുതൽ ഈ വിഭാഗത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | തെങ്ങിന് ജൈവവളം<br>പ്രൊജക്ട് നം/തുക | പുതിയ തൈ<br>പ്രൊജക്ട് നം/തുക |
|---|---|---|
| 2015-16 | 22/16<br>10,04,875 | 24/16<br>89,800 |
| 2016-17 | 63/17<br>20,05,820 | 69/17<br>66,380 |
| 2017-18 | 46/18<br>17,24,500 | 134/18<br>1,79,000 |
| 2018-19 | 88/19<br>29,07,280 | 105/19<br>5,74,550 |
| 2019-20 | 108/20<br>20,07,582 | 112/20<br>3,76,600 |
| ആകെ തുക | 96,50,057 | 12,86,330 |

നാളിതുവരെ 1,09,36,387 രൂപ (96,50,057+12,86,330) തെങ്ങുകൃഷി വികസനത്തിന് ചെലവഴിച്ചിരിക്കുന്നു.എല്ലാ വർഷവും ഗണ്യമായ തുക ചെലവഴിക്കുന്നതല്ലാതെ, തേങ്ങ ഉൽപാദനത്തിൽ അനുപാതികമായി വർദ്ധവ് ഉണ്ടായിട്ടുണ്ടോ എന്ന വിഷയം മോണിറ്ററിംഗ് നടത്തിയത്തിൻറെ വിശദാംശം/ രേഖകൾ പ്രൊജക്ട് ഫയൽ/ സ്റ്റാറ്റസ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല. പ്രൊജക്ടിന്റെ ഭൗതികലക്ഷ്യവും കൈവരിച്ച നേട്ടങ്ങളും രേഖപ്പെടുത്തിയ പൂർത്തീകരണപത്രം നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കണമെന്ന മാർഗ്ഗരേഖാ നിർദ്ദേശം (ഖ.11.4) പാലിച്ചതിന്റെ രേഖകൾ ലഭ്യമായിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതുണ്ട്. കൃഷി വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് പരിശോധിച്ചതിൽ മേൽവിഷയം മോണിറ്ററിംഗ് നടത്തിയതായി രേഖപ്പെടുത്തലുകളില്ല. വികസനകാര്യ സ്റ്റാൻസിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ മാർഗ്ഗനിർദ്ദേശം നൽകിയതായും കാണുന്നില്ല. 2019-20 സ്റ്റാറ്റസ് റിപ്പോർട്ട് ഭാഗം 3.1 വികസന പരിപ്രേക്ഷ്യം ഇപ്പോഴത്തെ അവസ്ഥയിൽ നാളികേരകൃഷി പൂർണ്ണമായും തകർന്ന അവസ്ഥയിലാണെന്ന് പരാമർശിച്ചിട്ടുണ്ട്. പരിചരണമുറകൾ കൃത്യമായി നടക്കുന്നില്ല.മേൽപ്പറഞ്ഞ സാഹചര്യം പരിഗണിച്ച് തെങ്ങുകൃഷിയെ സംരക്ഷിക്കുന്നതിന് നൂതന ആശയങ്ങൾ പ്രൊജക്ടുകളായി ആവിഷ്കരിക്കേണ്ടതാണ്. ഒപ്പം നാളികേര ഉൽപ്പാദന സംഭരണ മേഖലകൾക്കും പ്രാധാന്യം നൽകണം.മേൽവിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ പതിയേണ്ടതാണ്.

## 1-30 ഡാറ്റാ എൻട്രിക്ക് 10,950 രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചു.

താഴെ ചേർത്ത പ്രോജക്ടുകൾ പ്രകാരം, സാംഖ്യ സോഫ് വെയറിൽ ഗുണഭോക്താക്കളെ എൻട്രി ചെയ്ത വകയിൽ ഷിനി എസ് എന്നയാൾക്ക് ആകെ 10950/- രൂപ നൽകിയതിന് കൈപ്പറ്റുരസീതി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്(തിയതി 5.11.18). വിശദവിവരം താഴെ കൊടുക്കുന്നു.

1)പ്രൊജക്ട് നം. 88/19
തെങ്ങിന് ജൈവവളം & കുമ്മായം
അടങ്കൽ തുക-29,11,280
ചെലവു തുക-29,07,280
ട്രഷറി ബിൽ നം. തിയ്യതി-08/19.11.18-5000
മേൽ പ്രൊജക്ടിൽ നിർവ്വഹണചെലവായി 5000 രൂപ ഉൾകൊള്ളിച്ച് ചെലവഴിച്ചിട്ടുണ്ട്.
2)പ്രൊജക്ട് നം 105/19
കേടുവന്ന തെങ്ങുകൾ മുറിച്ചു മാറ്റി പുതിയ തൈകൾ നൽകൽ
അടങ്കൽ തുക-5,74.550
ചെലവു തുക-5,74,550.നിർവ്വഹണ ചെലവ് 5000 രൂപ പ്രൊജക്ടിൽ വകയിരുത്തി 4550 രൂപ ഡാറ്റാ എൻട്രിക്ക് നൽകിയിട്ടുണ്ട്.

3)പ്രൊജക്ട് നം. 110/19
സമഗ്രനെൽകൃഷി വികസനം.

അടങ്കൽ തുക-55,000
ചെലവു തുക-55,000

നിർവ്വഹണചെലവ് 1400 രൂപ നൽകി.
ഡാറ്റാ എൻട്രിക്കായി നിയോഗിച്ചയാൾ മൂന്ന പ്രൊജക്ടുകളിലായി 10,950 രൂപ(5000+4550+1400) കൈപ്പറ്റിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖപ്രകാരം ഇത്തരമൊരു ചെലവു പദ്ധതിഫണ്ടിൽ നിന്നും നടത്താൻ നിർദ്ദേശമില്ല. അറിവില്ലായ്മ മൂലമാണ് ഇപ്രകാരം തുക ചെലവഴിക്കാനിടയായതെന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള (നം.8/13.3.2020) മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.മേൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 പോത്തുകുട്ടി വളർത്തൽ -പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ

ജനറൽ,പട്ടികജാതി വിഭാഗങ്ങളിലായി രണ്ടു പ്രൊജക്ടുകൾ പോത്തുകുട്ടി വളർത്തലിന് നടപ്പാക്കി.

പ്രൊജക്ട് നം 12/19(ജനറൽ)

അടങ്കൽ തുക -10,00,000

ചെലവ് -10,00,000

പ്രൊജക്ട് നം 107/19(എസ്.സി.പി)

അടങ്കൽ തുക -4,00,000

ചെലവ് -4,00,000

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

പ്രൊജക്ട് നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.പഞ്ചായത്ത് പരിധിലുള്ള വ്യക്തികളിൽ നിന്നു തന്നെയാണ് ഭൂരിപക്ഷം ഗുണഭോക്താക്കൾ പോത്തിൻകുട്ടികളെ വാങ്ങിയിട്ടുള്ളത്.മൃഗങ്ങളെ വാങ്ങുന്നതിന് നിശ്ചയിച്ച പർച്ചേസ് കമ്മിറ്റിയുടെ മിനിറ്റ്സ്, പഞ്ചായത്ത് പ്രൊക്യൂർമെൻറ് കമ്മിറ്റിയുടെ അംഗീകാരം എന്നിവ സംബന്ധിച്ച രേഖകൾ ഫയലിനോടൊപ്പം ലഭ്യമായില്ല.

2.പ്രൊജക്ട് പ്രകാരമുള്ള അർഹത മാനദണ്ഡങ്ങൾ പാലിച്ചതിന്റെ രേഖകൾ അപൂർണ്ണമാണ്. ജനറൽ വിഭാഗത്തിന് വരുമാനപരിധി 5,00,000 രൂപയിലും കവിയാൻ പാടില്ല എന്നുണ്ടെങ്കിലും ഭൂരിപക്ഷം പേരും വരുമാനസർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

3.ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ചതിൽ ചിലർ പരസ്പരം ഉരുവിനെ കൈമാറിയതായി കാണുന്നു. . വിശദാംശം ചുവടെ ചേർക്കുന്നു.

| വാങ്ങിയ ഗുണഭോക്താവ്/ ജനറൽ/എസ്.സി.പി | വിൽപ്പന നടത്തിയ വ്യക്തി | റിമാർക്സ് |
|---|---|---|
| സിദ്ധിഖ് കൊച്ചിപറമ്പിൽ വാർഡ്7ജനറൽ | അബു മുടവൻ പറമ്പിൽ വാർഡ്7 | ട്രഷറി ബിൽ നം 9/18-19 പ്രകാരം അബു (a/c No. 11300100007244 ) ഇതേ ബില്ലിൽ തന്നെ അബു മുടവൻപറമ്പിൽ അപേക്ഷനായി (w2) സിദ്ധിഖിൽ നിന്നും പോത്തുകുട്ടിയെ വാങ്ങിയിട്ടുണ്ട്, 10.02.18 ൽ സിദ്ധിഖിന് തുക അനുവദിച്ച നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. (ബാങ്ക് ഓഫ് ബറോഡ A/c No. 11300100011842 ) |
| അബ്ദുൾകരീം താണിപീടികയിൽ വാർഡ്15 ജനറൽ | ശ്രീലത വി.ജി കിള്ളികളങ്ങര വാർഡ്15 | ട്രഷറി ബിൽ സീരിയൽ നം 17 ട്രഷറി ബിൽ സീരിയൽ നം 6 PAP0201110200111 A/c No. 11300100014458 10.12.18 ന് തുക അനുവദിച്ചു ശ്രീലതയ്ക്ക് ഉരുവിനെ വിറ്റതിന് അബ്ദുൾ കരീമിനും 10.12.18 ന് തുക അനുവദിച്ച് വെറ്ററിനറിസർജന്റെ സാക്ഷ്യപത്രുമുണ്ട്. |
| വസന്ത സുന്ദരൻ ചേന്ദംപുരയ്ക്കൽ എസ്.സി.പി വാർഡ്5 | അംബിക തങ്കപ്പൻ സൂത്രപ്പാട്ട് എസ്.സി.പി വാർഡ്5 | 6.11.18ന് വസന്ത സുന്ദരന് തുക അനുവദിച്ചു. 22.10.18ന്അംബിക തങ്കപ്പന് തുക അനുവദിച്ചു. വെറ്ററിനറിസർജന്റെ സാക്ഷ്യപത്രം പ്രകാരം |

4.കൃഷ്ണൻകുട്ടി പടിയത്ത് വീട് (B.list No.75 W12) ശുഭ ജയ പ്രകാശ്, പടിയത്ത് വീട് (B.list No.99 W11) എന്നീ ഗുണഭോക്താക്കൾ ഒരേ റേഷൻ കാർഡിലെ അംഗങ്ങളാണ്. രണ്ടുപേർക്കും ജാതി തെളിയുക്കുന്ന രേഖ ശുഭയുടെ എസ്.എസ്.എൽ.സി ബുക്ക് ആദ്യപേജാണ് ലഭ്യമാക്കിയത്.

റേഷൻ കാർഡ് നം. 1845044238 കൃഷ്ണൻകുട്ടി ലഭ്യമാക്കിയത് റേഷൻ കാർഡ് സ്ത്രീ ഉടമസ്ഥതയിൽ റേഷൻ കാർഡ് പുതുക്കുന്നതിനു മുമ്പുള്ളതാണ്. ( തിയതി 10.4.2012) ശുഭ ജയപ്രകാശ് ലഭ്യമാക്കിയത് 15.03.2017 ലേതാണ്. രണ്ടിലും 7 അംഗങ്ങൾ വീതമാണുള്ളത്. ആയതിൽ 5-ാം നമ്പരിലുള്ള പേര് ശുഭലത എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ശുഭലതയും ശുഭ ജയപ്രകാശും ഒരേ ആളുകളാണെന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഒരേ റേഷൻ കാർഡിലെ രണ്ട് വ്യക്തികൾക്ക് സബ്സിഡി ആനുകൂല്യം നൽകിയിരിക്കുന്നു.

5.W14 ലെ B.list No.65 ഉണ്ണികൃഷ്ണൻ പി.വി,പുന്നപ്പുള്ളി, പുഷ്പരാജൻ പുന്നപ്പുള്ളി എന്ന ഗുണഭോക്താവിന് പോത്തുകുട്ടിയെ വിറ്റിട്ടുണ്ട്. 15.11.2018 ൽ ആയതിന് തുക അനുവദിച്ചതായി വെറ്ററിനറി സർജൻറെ സാക്ഷ്യപ്പെടുത്തലുണ്ട്. ടിയാൾ പിന്നീട് പോത്തുകുട്ടിയുടെ ഗുണഭോക്താവായും മാറുന്നു. ഉണ്ണികൃഷ്ണൻ പി.വി പുന്നപ്പുള്ളിക്ക് പോത്തുകുട്ടിയെ വിറ്റതിന് ജ്യോതി പ്രകാശ് തായവള്ളിക്ക് 10.12.2018 ൽ വെറ്ററിനറി സർജൻ തുക അനുവദിച്ചിട്ടുണ്ട്.

6.എസ്,സി പ്രൊജക്ടിലുള്ള താഴെ പറയുന്നവർ സ്വന്തം പേരിലുള്ള ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

1.തങ്കമണി ശശിധരൻ, കഴുപ്പുള്ളി W7

2.കാർത്ത്യായനി, മണിപ്പുരയ്ക്കൽ W5

3. ഉഷ സോമൻ മണ്ണാംപറമ്പിൽ W13

4. നളിനി കുമാരൻ, വെളുത്തപുരയ്ക്കൽ W12

5.സിന്ധു കുളിയേടത്ത് W 5

6.സുകുമാരൻ സൂത്രപ്പാട്ട് W 5

7.ഭരതൻ ചെന്നറW5

8. ശാന്ത വിശ്വനാഥൻW1

9. ഉഷ വിശ്വംഭരൻW4

10. അംബിക കൈപ്പോത്ത്W11

മേൽപറഞ്ഞ അപാകതകൾ ചൂണ്ടിക്കാണിച്ച ഓഡിറ്റ് അന്വേഷണത്തിന് ( നം. 13/16.3.2020 ) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല.വ്യക്തിഗത സബ്സിഡി നൽകിയതിൽ മേൽപ്പറഞ്ഞപ്രകാരം കണ്ടെത്തിയ അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനവും ദുർവിനിയോഗവും നടന്നിട്ടുണ്ടെങ്കിൽ ഉത്തരവാദിയായവരെ കണ്ടെത്തി തുക തിരികെ ഈടാക്കേണ്ടതാണ്.ഈ വിഷയത്തിൽ ഭരണസമിതിയുടെ സത്വരശ്രദ്ധ പതിയേണ്ടതാണ്.

## 1-32 സെക്രട്ടറി നടപ്പിലാക്കിയ പ്രൊജക്ടുകൾ -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്;ഡെപ്പോസിറ്റ് പ്രവൃത്തികളിൽ മാർഗ്ഗരേഖാനിർദ്ദേശം പാലിക്കേണ്ടതാണ്.

പഞ്ചവൽസര പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖ സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തിയ്യതി: 29.01.2018 ഖണ്ഡിക.11.2 (ഡി)(ii) പ്രകാരം കേരള ജല അതോറിട്ടി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ഭൂജല വകുപ്പ് എന്നീ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ നൽകുന്നതിനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ബന്ധപ്പെട്ട സ്ഥാപനം തന്നെ തയ്യാറാക്കി സാങ്കേതികാനുമതി നൽകിയ ശേഷം തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ഇത്തരം പ്രൊജക്ടുകൾക്ക് വെറ്റിംഗ് ഓഫീസറുടെ അംഗീകാരം ആവശ്യമില്ല.എന്നാൽ തദ്ദേശ ഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ തുക മുൻകൂർ നൽകാവൂ. ഖണ്ഡിക.11.2 (ഡി)(iv) പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട തുടർപ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനസെക്രട്ടറി സ്വീകരിക്കേണ്ടതാണ്.താഴെ പറയുന്ന പ്രൊജക്ടുകളിൽ മേൽപറഞ്ഞ വ്യവസ്ഥകൾ പൂർണ്ണമായി പാലിച്ചിട്ടില്ല.റിമാർക്സ് പ്രകാരമുള്ള രേഖകൾ ലഭ്യമാക്കേണ്ടതാണ്.

| ക്രമ.നം | പ്രൊജക്ട് നം/ അടങ്കൽ തുക | ചെലവ്/ ട്രഷറി ബിൽ.നം | കൈമാറിയ സ്ഥാപനം /റിമാർക്സ് |
|---|---|---|---|
| 1. | 31/19<br>കുടിവെള്ള കണക്ഷൻ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ 9,66,000 | 4,66,000<br>31/17.12.18 | കേരളവാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് നം.D5-4948/2009-vol II/29.11.2018<br>കരാർ ഉടമ്പടിയിൽ നം/ തിയതി രേഖപ്പെടുത്തിട്ടില്ല.<br>സെക്രട്ടറി മാത്രം ഒപ്പുവെച്ച കരാർ അസാധുവാണ്.പണി പൂർത്തി<br>യായിട്ടുണ്ടെങ്കിൽ ഫൈനൽ ബില്ലിന്റെ പകർപ്പ്, പെർഫോർമൻസ് റിപ്പോർട്ട്,പൂർത്തീകരണ/ ധനവിനിയോഗസർട്ടിഫിക്കറ്റ്,<br>കൈപ്പറ്റ് രസീതി ലഭ്യമാക്കേണ്ടതാണ്. |
| 2. | 32/19<br>അംഗനവാടികൾക്ക്കുടിവെള്ള കണക്ഷൻ<br>2,33,000 | 2,33,000<br>8/17.7.18 | 1.10.2018 കരാർ വ്യവസ്ഥ6 30.3.2019 നകം പൂർത്തിയാകണം..പണി പൂർത്തി<br>യായിട്ടുണ്ടെങ്കിൽ ഫൈനൽ ബില്ലിന്റെ പകർപ്പ്, പെർഫോർമൻസ് റിപ്പോർട്ട്,പൂർത്തീകരണ/ ധനവിനിയോഗസർട്ടിഫിക്കറ്റ്,<br>കൈപ്പറ്റ് രസീതി ലഭ്യമാക്കേണ്ടതാണ്. |
| 3. | 96/19<br>സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ<br>14,25,615 | 3,47,911.<br><br>2,84,557<br>27/13.12.18<br>63,354,<br>41/13.3.19 | മതിലകം, പെരിഞ്ഞനം കെ.എസ്.ഇ.ബി സെക്ഷനുകളിലാണ് തുക ഡെപ്പോസിറ്റ് ചെയ്തിരിക്കുന്നത്. പ്രസ്തുത സ്ഥാപനങ്ങളുമായി എഗ്രിമെന്റ് വെച്ചിട്ടില്ല.ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി. |
| 4. | 38/19<br>വിജ്ഞാൻ സാഗർ അനുബന്ധപ്രവർത്തനം വിഹിതം<br><br>1,00,000 | 1,00,000<br>3/18.6.18 | ജില്ലാപഞ്ചായത്ത്.<br>ധനവിനിയോഗസാക്ഷ്യപത്രം,കൈപ്പറ്റ് രസീതി ലഭ്യമാക്കേണ്ടതാണ്. |
| 5. | 37/19<br>സുശാന്തം<br>50,000 | 50,000<br><br>2/18.6.18 | ജില്ലാപഞ്ചായത്ത്.<br>ധനവിനിയോഗസാക്ഷ്യപത്രം,കൈപ്പറ്റ് രസീതി ലഭ്യമാക്കേണ്ടതാണ്. |

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 22-07--2019 മുതൽ 23-07-2019 വരെ | കെ.എസ്.എ ടി.എസ്.ആർ(എസ് 1)1120/19( ) തീയതി 21.8.2019 |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 600000 | ഭിന്നശേഷി സ്കോളർഷിപ്പ് | 600000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 300000 | ക്ഷീരകര്,കര്ക്ക് ഇന്സെന്റിവ് | 294330 | 5670 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | കന്നുകുട്ടിപരിപാലനം | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 50000 | നെല്കൃഷിവികസനം | 50000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 300000 | അംഗന്വാടി ന്യൂട്രിഷന് പ്രോഗ്രാം | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 300000 | താലം കഴുവിലങ്ങ് ടെമ്പിള് റോഡ് | 0 | 300000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 300000 | പള്ളത്ത് ബാലവാടി റോഡ് | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 600000 | കുളിമുട്ടം പി.എച്ച്.സി ട്രസ്സ് വര്ക്ക് | 0 | 600000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1221225 | ലൈഫ്മിഷന് ജനറല് | 1015968 | 205257 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1221290 | ലൈഫ് മിഷന് എസ്.സി | 883000 | 338290 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 300000 | ഇ.വി.ജി അംഗന്വാടി റോഡ് | 0 | 300000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 300000 | ഭിന്നശേഷിയുള്ളവര്ക്ക് ഉപകരണങ്ങള് | 300000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 72000 | ടോയിലറ്റ് നിർമ്മാണം | 72000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 286483 | മുൻ വർഷബാക്കി | 286483 | |
| ആകെ തുക | | 6950998 | | 4533615 | 2417383 |
| | | | | | |

ജില്ലാ പഞ്ചായത്ത്

| | | | | | |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 2018-2019 | 200000 | അംഗനവാടി പോഷകാഹാരപരിപാടി | 198767 | 1233 |
| ജില്ല പഞ്ചായത്ത് | 2018-2019 | 450000 | ഭിന്നശേഷിയുള്ള വിദ്യാര്ധികൾക്ക് സ്കോളർഷിപ്പും യാത്രാബത്തയും | 449900 | 100 |
| ജില്ല പഞ്ചായത്ത് | 2018-2019 | 300000 | ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ | 283964 | 16036 |
| ജില്ല പഞ്ചായത്ത് | 2018-2019 | 100000 | ആശ്രയ | 0 | 100000 |
| ജില്ല പഞ്ചായത്ത് | 2018-2019 | 500000 | മുംതാസ് പഴന്തറ എം.ജി. റോഡ് ടാറിംഗ് (വാർഡ് 6) | 0 | 500000 |
| ജില്ല പഞ്ചായത്ത് | 2018-2019 | 200000 | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 0 | 200000 |
| ജില്ല പഞ്ചായത്ത് | 2018-2019 | 1700090 | ലൈഫ് മിഷൻ - ഭവനനിർമ്മാണം ( ജനറൽ ) | 1700000 | 90 |
| ജില്ല പഞ്ചായത്ത് | 2018-2019 | 275000 | പാലിയേറ്റിവ് കെയർ | 274900 | 100 |
| ജില്ല പഞ്ചായത്ത് | 2018-2019 | 294004 | പൂവ്വത്തുംകടവ് ഹരിജൻ സെറ്റിൽമെൻറ് കോളനി സ്രടീറ്റ് മെയിൻ വലിക്കൽ | 0 | 294004 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 407700 | മുൻ വർഷങ്ങളിലെ ബാലൻസ് | 271210 | 136490 |
| | Spill Over Project | | ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ | | |
| ആകെ തുക | | 4426794 | | 3178741 | 1248053 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രോജക്ടിൻറെ പേര് | വൗച്ചർ നമ്പർ/ ചെക്ക നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|
| KWA | കുടിവെള്ള കണക്ഷൻ- പൈപ്പ് ലൈൻ | | 466000 | 0 | 466000 | വിനിയോഗ സാക്ഷ്യപത്രം |

| | | | | | | |
|---|---|---|---|---|---|---|
| | ദീർഘിപ്പിക്കൽ | | | | | ലഭിച്ചിട്ടില്ല |
| KWA | അംഗനവാടികൾക്ക് കുടിവെള്ള കണക്ഷൻ | | 233000 | 0 | 233000 | |
| KSEB | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | | 347911 | 0 | 347911 | |
| PWD Electronics | പഞ്ചായത്ത് ഓഫീസിൽ ഇൻറർകോം സ്ഥാപിക്കൽ | | 124000 | 0 | 124000 | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നം / തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷന് ഭവനപദ്ധതി | GO(MS) 68/18 LSGD dated 18.5.2018 | 12471432 | 0 | 0 | | 12471432 |

## 4-6 സ്ഥിരം നിക്ഷേപങ്ങൾ സംബന്ധിച്ച്

| | | | |
|---|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 800000 | |
| 2 | തൻവർഷം നിക്ഷേപിച്ച തുക | 5000000 | |
| 3 | ആകെ | 5800000 | |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | 0 | |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5800000 | |
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരം<br>Receipt No: 134062, 134063, 134064, 134065, 134066,134067,134068, 134069 Dated 8/2/2019<br>Receipt No: 0169834, 0169835, 0169836, 0169837, 0169838, 0169839, 0169840,0169841, 0169842, 0169843 Dated 29.3.2019 | നിക്ഷേപത്തിന്റെ വിവരം<br>fixeddeposit Pappinivattam service co-operative bank | തുക<br>800000<br>5000000 |
| | | | |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം / തിയതി |
|---|---|---|---|---|
| 2004-05 | (3-1) | 220 | A.A. Aisha | 118140104025, 6.12.2018 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03<br>2014-15<br>2014-15<br>2015-16 | 3-21<br>2-8<br>2-1<br>2-3 | 2006-07<br>2016-17<br>2016-17<br>2016-17 | 3.53.4 | കേരള വികസന പദ്ധതി 2002-03 ഭജനമഠം കോളനിയിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ-പൂർത്തീകരണരേഖകൾ ഹാജരാക്കിയിട്ടില്ല<br>മൊബൈൽടവറുകൾ വസ്തു നികുതി അടവാക്കുന്നില്ല<br>തൊഴിൽ നികുതി അപാകതകൾ<br>സ്ഥാപനനികുതി ഈടാക്കിയിട്ടില്ല | ധനവിനിയോഗ സാക്ഷ്യപത്രം സമർപ്പിച്ചിട്ടുള്ളതാണ്.<br>വസ്തു നികുതി അടവാക്കിയതു സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടുള്ളതാണ്.<br>തൊഴിൽ നികുതി അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടുള്ളതാണ്.<br>സ്ഥാപനതൊഴിൽ നികുതി അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടുള്ളതാണ്. |

## 4-9 ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 59335179 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 66342512 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക
ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 75-76 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/01.02.12 |
| 77-78 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 78-79 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 79-80 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 80-81 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 81-82 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 83-84 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 84-85 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 85-86 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 86-87, 87-88 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 88-89, 89-90 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 94-95, 95-96 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 96-97 | എൽ.എഫ്.ടി.12-1228/01/01.10.97. |
| 97-98 | എൽ.എഫ്.ടി.12-1791/00/15.5.2000 |
| 98-99, 99-2000 | എൽ.എഫ്.ടി.12-950/01/17.10.01 |
| 2000-2001 | എൽ.എഫ്.ടി.12-257/04/03.05.04/ 11.08.08 |
| 2001-2002 | എൽ.എഫ്.ടി.12-258/04/03.05.04/ 11.08.08 |
| 2002-2003 | എൽ.എഫ്.ടി.12-100/06/26.05.06/ 08.12.06 |
| 2003-2004 | എൽ.എഫ്.ടി.12-60/09/09.10.09/ 3.11.09 |
| 2004-2005 | എൽ.എഫ്.ടി.12-428/10/27.09.11 |
| 2005-2006 | എൽ.എഫ്.ടി.12-428/10/27.09.11 |
| 2006-2007 | എൽ.എഫ്.ടി.12-429/10/27.09.11 |
| 2007-2008 | എൽ.എഫ്.ടി.പി.3-2113/11/25.05.12/ 07.08.12 |
| 2008-2009 | എൽ.എഫ്.ടി.പി.3-2114/11/28.05.12/ 07.08.12 |
| 2009-2010 | എൽ.എഫ്.ടി.പി.3-28.05.12/07.08.12 |
| 2010-2011 | എൽ.എഫ്.ടി.പി.3-1977/12/13.02.13/ 09.05.13 |
| 2011-2012 | എൽ.എഫ്.ടി.പി.3-337/13/12.11.13 |
| 2012-2013 | എൽ.എഫ്.ടി.പി.3-87/2014/22.07.14/ 18.09.14 |
| 2013-2014 | കെ.എസ്.എ ടി.എസ്.ആർ.പി.3-748/15/ 13.10.15/16.10.15 |
| 2014-15 | കെ.എസ്.എടി.എസ്.ആർ.പി.3-1276/16/ 29.7.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.(പി3) 1735/2016/19.10.16 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.(പി3) 1315/2017/23.09.17 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.(പി3) 832/2019/12.6.2019 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സം തീർപ്പാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മതിലകം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മതിലകം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം

| | സംക്ഷിപ്തം(AuditedAbstract) | പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട് |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |

| | | |
|---|---|---|
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ